LIGHTED TO LIGHTEN

# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക | 2017 ഒക്ടോബർ – ഡിസംബർ | ലക്കം: 7



## കുടുംബ നവീകരണം

# ജന്മദിനാശംസകൾ



**അഭിവന്ദ്യ ഡോ. യുയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പാ**
നവംബർ 25



**അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ**
ഡിസംബർ 13



**അഭിവന്ദ്യ ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ**
ഡിസംബർ 5





ജോയിന്റ് ക്ലർജി മീറ്റിംഗ്





ഭദ്രാസന അസംബ്ലിയും 10/+2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയവർക്കുള്ള അനുമോദനവും



ഭദ്രാസന ക്ലർജി മീറ്റിംഗ് @ മൂന്നാർ മാർത്തോമ്മാ റിട്രീറ്റ് സെന്റർ

ഹെർമ്മോൻ ദൂതൻ
അടൂർ ഭദ്രാസന ത്രൈമാസിക




# ഉള്ളടക്കം

ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്
ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ
എഡിറ്റോറിയൽ

6 **ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട കുടുംബം**
– റവ. സോജു എം. തോമസ്

8 **ക്രൈസ്തവ കുടുംബ സാധ്യതകളും സമസ്യകളും**
– റവ. ഡോ. കെ.എ. ഏബ്രഹാം

11 **തലമുറകളിലേക്ക് വിശ്വാസം പകരുന്ന മാതാക്കൾ**
– സൂസമ്മ ജോർജ്ജ് മാത്യു

17 **വിവാഹപൂർവ്വ മാർഗ്ഗനിർദ്ദേശങ്ങളുടെ ആവശ്യവും അനിവാര്യതയും**
– റവ. സാം ലൂക്കോസ്

20 **പറുദീസ**
– ജെസ്സി ജോൺസൺ

22 **വിവാഹം എന്ന കൂദാശയുടെ ആഘോഷം**
– റവ. ടി.കെ. അലക്സാണ്ടർ തരകൻ

25 **കൗമാരവും പ്രേമവും**
കൗമാരപ്രായത്തിലുളവാകുന്ന ശാരീരിക മാറ്റങ്ങളെ അറിയുവാൻ സാധിക്കുന്ന ലേഖനപരമ്പര

പ്രസിഡന്റ്
**റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. വി. കുഞ്ഞുകോശി**

ചീഫ് എഡിറ്റർ
**റവ. പി.ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കമ്മിറ്റി അംഗങ്ങൾ
**റവ. മാത്യു പി. തോമസ്**
**ശ്രീ. വർഗീസ് തരകൻ**
**ശ്രീ. ജോൺസൺ വൈദ്യൻ**
**അഡ്വ. പി.കെ. സക്കറിയ**
**ശ്രീ. ജോൺ സക്കറിയ**
**ശ്രീമതി. സുമാ ജോർജ്ജ്**

കവർ & ലേഔട്ട്
**ജ്യുവൽ ഗ്രാഫിക്സ്, അടൂർ**

വിലാസം:
എഡിറ്റർ
ഹെർമ്മോൻ ദൂതൻ
ഹെർമ്മോൻ അരമന, അടൂർ – 691 523
Ph: 04734 228240
hermondoothan@gmail.com
www.adoordiocese.org

**വാർഷിക വരിസംഖ്യ – 50/-**



# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ദൈവത്തിന്റെ അളവറ്റ കൃപയാൽ ഒരു ഭദ്രാസനമായി ഒത്തൊരുമിച്ച് പ്രവർത്തിക്കുവാൻ സാധിക്കുന്നതിൽ നന്ദികരേറ്റാം. നമ്മുടെ 37–ാമത് ദ്രാസന അസംബ്ളി ചുമതലക്കാരുടെയും കൗൺസിൽ അംഗങ്ങളുടെയും തെരഞ്ഞെടുപ്പ്, ഭദ്രാസന ദിനാചരണം ഇവയൊക്കെ ഭംഗിയായി നടത്തപ്പെട്ടു. പുതുതായി ചുമതലകൾ ഏറ്റെടുത്ത എല്ലാവർക്കും പ്രാർത്ഥനയും പിന്തുണയും അറിയിക്കുന്നു. 2014–17 കാലയളവിൽ ഭദ്രാസനത്തിന്റെ ചുമതലകൾ ഉത്തരവാദിത്തത്തോടെ നിർവ്വഹിച്ച ഭദ്രാസന സെക്രട്ടറിമാരായിരുന്ന വെരി. റവ.സ്കറിയാ ഏബ്രഹാം, റവ. വി.കുഞ്ഞുകോശി, ഭദ്രാസന ട്രഷറർ ശ്രീ.ജേക്കബ് ജോർജ്ജ് കൗൺസിൽ അംഗങ്ങളായി പ്രവർത്തിച്ചവർ എല്ലാവരോടും നന്ദി അറിയിക്കുന്നു.

ഭദ്രാസന ദിനമായ ആഗസ്റ്റ് 20–ാം തീയതി നമ്മുടെ എല്ലാ ഇടവകകളിലും പ്രത്യേക ആരാധനയും ഭവന സന്ദർശനവും നടന്നു എന്നറിയുന്നതിൽ സന്തോഷം. ഇനിയും ഭദ്രാസനദിന പിരിവും സ്തോത്രകാഴ്ചയും അടയ്ക്കുവാനുള്ളവർ താമസംവിനാ ടാർജറ്റ് തുക പൂർത്തീകരിച്ച് ഓഫീസിൽ അടയ്ക്കുവാൻ ശ്രദ്ധിക്കണം. നമ്മുടെ സ്പിരിച്വാലിറ്റി സെന്ററിനോട് ചേർന്ന് പണികഴിപ്പിച്ച മാർ ക്രിസോസ്റ്റം ജന്മ ശതാബ്ദി ബ്ളോക്കിന്റെ പ്രതിഷ്ഠാ ശുശ്രൂഷ 2017 സെപ്റ്റംബർ മാസം 03–ാം തീയതി നടക്കുകയുണ്ടായി. എല്ലാ മാസവും ക്രമികരിക്കുന്ന ഡി-അഡിക്ഷൻ ക്യാമ്പുകൾ, പെയ്ൻ ആൻഡ് പാലിയേറ്റീവ്, വിജയവഴി തുടങ്ങിയ പ്രോഗ്രാമുകൾക്കും ഭദ്രാസന, സെന്റർ ക്യാമ്പുകൾക്കും ഉപകരിക്കത്തക്ക രീതിയിൽ 70 പേർക്ക് താമസിക്കാവുന്ന രണ്ട് ഡോർമെട്രികളും,പാചകപ്പുരയും ഉൾപ്പെടുന്ന നിർമ്മാണത്തിൽ സഹായിച്ച ധാരാളം പേരുണ്ട് പ്രത്യേകമായി ഇങ്ങനെയെരു പ്രൊജകട് സ്പോൺസർ ചെയ്ത കുവൈറ്റ് അഹമ്മദി ഇടവകയോടുള്ള പ്രത്യേക കടപ്പാട് അറിയിക്കുന്നു.

ഭദ്രാസനത്തിലെ ഔദ്യോഗിക സംഘടനകളുടെ വാർഷികം നടക്കുകയും പുതിയ ചുമതലക്കാരെ തെരഞ്ഞെടുക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട എല്ലാവരും തങ്ങളുടെ ഉത്തരവാദിത്തങ്ങൾ വിശ്വസ്തതയോടെ നിറവേറ്റുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഒക്ടോബർ,നവംബർ മാസങ്ങളിൽ സന്നദ്ധ സുവിശേഷക സംഘം, യുവജനസഖ്യം, സണ്ടേസ്കൂൾ എന്നീ സംഘടനകളുടെ ദിനാചരണം നടക്കുന്നുവല്ലോ. ശാഖാ,സെന്റർ,ദ്രാസന തലങ്ങളിലുള്ള പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാൻ ദിനാചരണങ്ങൾ സഹായിക്കട്ടെ.

ഒക്ടോബർ 22–ാം തീയതി ഞായറാഴ്ച ക്രിസ്തീയ കുടുംബ ദിനമായി വേർതിരിച്ചിക്കുന്നു. "വിശ്വാസം ഉരുവാക്കപ്പെടേണ്ട കുടുംബം" എന്നതാണ് ചിന്താവിഷയം. ദൈവത്തിന്റെ എറ്റവും സുന്ദരമായ സൃഷ്ടിയായി കുടുബത്തെ കാണാവുന്നതാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ നല്ലത് എന്ന് കണ്ട് വിലയിരുത്തി. എന്നാൽ മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന് കണ്ടാണ് തക്ക തുണയായി സ്ത്രീയെ സൃഷ്ടിച്ചത്. മനുഷ്യൻ വളരെ സന്തോഷത്തോടു കൂടിയാണ് തന്റെ തുണയെ സ്വീകരിച്ചത്. അപ്പോൾ മനുഷ്യൻ ഇത് ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്നും മാംസവും ആകുന്നു(ഉല്പ.2:23). അങ്ങനെ ഏദൻ തോട്ടത്തിൽ ദൈവത്തിന്റെ സ്വപ്നവും മനുഷ്യന്റെ

സ്വപ്നവും ചേർന്ന് കുടുംബം എന്ന സ്വപ്നം യാഥാർത്ഥ്യമായി. ക്രിസ്തീയ വീക്ഷണത്തിൽ ഓരോ കുടുബവും ദൈവരാജ്യത്തിന്റെ പതിപ്പാണ്. ത്രിത്വം എന്ന ദർശനംതന്നെ ഒരു കുടുംബ ദർശനമാണ്. ത്രിത്വത്തിലെ ഒരുമയാണ് കുടുബബന്ധങ്ങളിലും നിഴലിക്കേണ്ടത്. കുടുബങ്ങളിലെ ആദ്ധ്യാത്മിക അന്തരീക്ഷമാണ് തലമുറകളുടെ വിശ്വാസത്തെ ഉരുവാക്കുന്നത്. അതിനാലാണ് യേശു എന്ന ബാലന്റെ വളർച്ചയെ സുവിശേഷകൻ രേഖപ്പെടുത്തുന്നത് ' 'യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു"(ലൂക്കോ.2:52). ദൈവത്തോടുള്ള ബന്ധവും പരസ്പര ബന്ധവും പരിപോഷിപ്പിക്കുന്ന വിശ്വാസപാഠങ്ങൾ ഭവനങ്ങളിലൂടെ ലഭിക്കണം. നമ്മുടെ കുടുംബങ്ങളിലെ ദൈവിക ആരാധനയും പരസ്പരസ്നേഹവും കരുതലും കുറയുന്നുണ്ടെങ്കിൽ അതിന്റെ അടിസ്ഥാന കാരണം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആദ്ധ്യത്മിക ജിവിതമാണ്. ഒരുമിച്ചുള്ള പ്രാർത്ഥന, കൂടിവരവുകൾ ഇടപെടലുകൾ ഇവ ഇന്ന് നഷ്ടമാകുന്നു. തിരക്കുകളുടെ ലോകത്തിൽ കുടുംബങ്ങളിലെ ആത്മീയത നഷ്ടമാകാതെ, തലമുറകളെ വിശ്വാസത്തിൽ വളർത്തിയെടുക്കുന്നതിൽ ഏവരും ശ്രദ്ധ ചെലുത്തേണ്ടത് അനിവാര്യമാണ്.

ഭവനം പോലെ തന്നെ തലമുറകളുടെ വിശ്വാസ വളർച്ചയിൽ സഭയ്ക്കും ഉത്തരവാദിത്തമുണ്ട്. സഭയുടെക്രിസ്തിയ വിദ്യാഭ്യാസ ശുശ്രൂഷയുടെ പ്രാധാന്യം ഇത്തരുണത്തിൽ പ്രസക്തമാണ്. അഖിലലോക സണ്ടേസ്ക്കൂൾ ദിനമായി നവംബർ 05-ാം തീയതി നാം ആചരിക്കുമ്പോൾ നമ്മുടെ സണ്ടേസ്കൂൾ സമാജത്തിന്റെ പ്രവർത്തനങ്ങളെയോർത്ത് പ്രാർത്ഥിക്കുവാനും ശുശ്രൂഷകളിൽ പങ്കുചേരുവാനും സാധിക്കണം.

തിരുജനനത്തിന്റെ സന്തോഷം വിളിച്ചറിയിക്കുന്ന ആഗമന കാലത്തിനായും സഭ ഒരുങ്ങുന്നു. ദൈവിക പദ്ധതിയിൽ പങ്കുകാരാകുന്ന അനേകരെ വേദപുസ്തകം നമുക്ക് കാട്ടിത്തരുന്നു. അവർക്ക് ലഭ്യമായ അറിയിപ്പുകൾ വെല്ലുവിളികൾ ഉയർത്തുന്നതായിരുന്നുവെങ്കിലും ദൈവകൃപ അതിൽ അന്തർലീന മായിരുന്നു. അവരുടെ വിധേയത്വവും സമർപ്പണവും രക്ഷാപദ്ധതിയിലെ പങ്കാളിത്തം വെളിവാക്കുന്നു. ക്രിസ്തു ജനനം സർവ്വർക്കുമുള്ള രക്ഷയുടെ സന്തോഷം എന്ന് സാക്ഷിക്കുമ്പോൾ അതിൽ നിന്നും അകറ്റി നിറുത്തപ്പെടുന്നവർ ആരുമില്ല. വിഭാഗീയതയുടെയുംവെറുപ്പിന്റെയും രാഷ്ട്രീയം സമൂഹത്തിലും സഭയിലും വളർന്നുകൊണ്ടിരിക്കുമ്പോൾ "തിരുജനനം" വ്യത്യസ്തമായ സന്ദേശമാണ് നമുക്ക് നൽകുന്നത്.

ഇന്നു നമ്മുടെ ചുറ്റുപാടും സാമൂഹ്യതിന്മകൾ ഒളിഞ്ഞും തെളിഞ്ഞും നടമാടുന്നു. മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുവാൻ സർക്കാർ തന്നെ ശ്രമിക്കുന്നു. മദ്യത്തിന്റെയും ലഹരിമരുന്നിന്റെയും അടിമകളായ യൗവ്വനക്കാർ സാമൂഹ്യ ജീവിതത്തിന് ഭീഷണി ഉയർത്തുന്നു. കുഞ്ഞുങ്ങളെപ്പോലും വഴിതെറ്റിക്കുന്ന ഇന്റർനെറ്റ് ഗെയിമുകളും ട്രെൻഡുകളും കണ്ടില്ല എന്ന് നടിക്കുവാൻ സാധിക്കയില്ല. സഭയും പൊതു സമുഹവും കുടുതൽ ജാഗരൂകരാകേണ്ടതുണ്ട്.ക്രിസ്തീയ മുല്യങ്ങളിൽ അടിയുറച്ച് നിന്നു കൊണ്ട് സാമൂഹ്യ തിന്മകൾക്കും തെറ്റായ പ്രവണതകൾക്കുമെതിരേ പ്രതികരിക്കുവാൻ നമുക്ക് സാധിക്കണം.

2017-നോട് വിടചൊല്ലി 2018-നെ സ്വീകരിക്കുവാൻ നാം തയ്യാറാകുകയാണല്ലോ. തിരിഞ്ഞു നോട്ടം തിരുത്തലുകൾക്കും പുനരവലോകനത്തിനും നമ്മെ സഹായിക്കണം. പുത്തൻപ്രതീക്ഷകളോടെ പുതിയ ഒരു സംവത്സരത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ,

ഹെർമ്മോൻ അരമന

2017 ഒക്ടോബർ 1

Marpaulos+

**മാർ പൗലൊസ് എപ്പിസ്കോപ്പാ**



# ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ......

ഭദ്രാസന പ്രവർത്തനങ്ങളിൽ ദൈവത്തിന്റെ അനവരതമായ കൃപകൾക്കായ് സ്തോത്രം. ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഏബ്രഹാം മാർ പൗലൊസ് തിരുമേനിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷം ഭദ്രാസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആലോചന നൽകിയ ഭദ്രാസന ട്രഷറാർ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, ഓഡിറ്റേഴ്സ് എന്നിവരോടുള്ള ഭദ്രാസനത്തിന്റെ നന്ദി അറിയിക്കുന്നു.

പുതിയ ഭദ്രാസന അസംബ്ലി ജൂലൈ മാസം 8-ാം തീയതി അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ വളരെ ഭംഗിയായി നടന്നു. പുതുതായി വന്നുചേർന്ന എല്ലാ ഭദ്രാസന അസംബ്ലി അംഗങ്ങളേയും പുതിയതായി തെരഞ്ഞെടുത്ത ഭദ്രാസന ട്രഷറാർ ശ്രീ. വർഗ്ഗീസ് തരകൻ, ഭദ്രാസന കൗൺസിൽ അംഗങ്ങളെയും വളരെ സന്തോഷത്തോടെ സ്വാഗതം ചെയ്യുകയും ഏവരുടെയും സഹകരണവും ആലോചനയും ഉണ്ടാകണമെ എന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ഭദ്രാസന തലത്തിൽ ആഗസ്റ്റ് 2-ന് സഭാ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടന്നു. തിരഞ്ഞെടുക്കപ്പെട്ടവരെ അനുമോദിക്കുന്നു. കൂടാതെ സഭാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട റവ. കെ.ജി. ജോസഫ്, ട്രഷറാർ & ലേ ട്രസ്റ്റി പി.ജി. അച്ചൻകുഞ്ഞ് ക്ലർജി ട്രസ്റ്റി റവ. തോമസ് സി. അലക്സാണ്ടർ എന്നിവരെ ഭദ്രാസനത്തിന്റെ അനുമോദനം അറിയിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

എല്ലാ മാസത്തിന്റെ ആദ്യ ശനിയാഴ്ച നടത്തുന്ന റിവൈവൽ മീറ്റിംഗ്, രണ്ടാം ശനിയാഴ്ച നടത്തുന്ന വിജയവഴി, നാലാം ശനിയാഴ്ച നടത്തുന്ന ആർദ്രതാ പാലിയേറ്റീവ് കെയർ മിഷൻ സെന്ററിൽ വെച്ച് നടന്നുവരുന്നു.

മാർ ക്രിസോസ്റ്റം ബെർത്ത് സെന്റനറി ബ്ലോക്കിന്റെ പ്രതിഷ്ഠാ ശുശ്രൂഷ സെപ്റ്റംബർ 3-ാം തീയതി നടന്നു. അതിനോടനുബന്ധിച്ചുള്ള അടുക്കളയുടെ പണി പുരോഗമിക്കുന്നു. ഇതിനായി സാമ്പത്തിക സഹായം നൽകിയ കുവൈറ്റ് അഹമ്മദി ഇടവകയോടുള്ള നന്ദി അറിയിക്കുന്നു.

നമ്മുടെ ഭദ്രാസനത്തിലെ ഇടവക ചുമതലക്കാരുടെ മീറ്റിംഗ് ആഗസ്റ്റ് 12-ാം തീയതി നടന്നു. അന്ന് ചർച്ച ചെയ്യപ്പെട്ട എല്ലാ കാര്യങ്ങളിലും ഇടവക ചുമതലക്കാരുടെ ശ്രദ്ധയും പരിഗണനയും ഉണ്ടായിരിക്കണമേ.

ഭദ്രാസനദിനമായി ആഗസ്റ്റ് 20-ാം തീയതി ക്രമീകരിച്ചിരുന്നല്ലോ. എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമേ. ടാർജറ്റ് മുഴുവനായി ഭദ്രാസന ഓഫീസിൽ അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കുറച്ച് ഇടവകകൾ ടാർജറ്റിന് വളരെ താഴെയാണ് അടച്ചത് എന്ന് മനസ്സിലാക്കുന്നു. ബാക്കി തുകയും നൽകണമേ.

സെപ്റ്റംബർ 19-ാം തീയതി നമ്മുടെ ഭദ്രാസനത്തിലും വൈദികരും ഓർത്തഡോക്സ് യാക്കോബായാ സഭകളിലെ വൈദികരും ഒരുമിച്ചുള്ള കൂട്ടായ്മ വളരെ അനുഗ്രഹപ്രദമായി നടന്നു.

സൃഷ്ടിക്കൊരു സങ്കീർത്തനം, ഭദ്രാസന കൺവൻഷൻ ആദിയായവരുടെ ക്രമീകരണങ്ങൾ നടന്നുവരുന്നു.

തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും ദൈവകൃപ അനുഭവിച്ച് പ്രവർത്തിപ്പാൻ സർവ്വശക്തൻ സഹായിക്കട്ടെ.

**റവ. വി. കുഞ്ഞുകോശി**

ഭദ്രാസന സെക്രട്ടറി



Editorial

## കുടുംബം ത്യാഗത്തിന്റെ ബലിപീഠം...?

കൂട്ടായ്മയുടെയും കൂട്ടുത്തരവാദിത്വത്തിന്റെയും കരുതലിന്റെയും കർമ്മബോധത്തിന്റെയും സവിശേഷമായ ഇടമാണ് കുടുംബം. ജീവിതം എന്തെന്നും ജീവിത ശൈലി എങ്ങനെയെന്നും ജീവിത സാദ്ധ്യത എതെന്നും തിരിച്ചറിവ് നൽകുന്ന ഗുരുകുലമാണ് കുടുംബം.

ആർത്തി സംസ്കാരത്തിന്റെയും ആർഭാട ജീവിതത്തിന്റെയും അനേക ആസക്തികളുടെയും അതിരുവിട്ടു പോകുന്ന നവമാധ്യമങ്ങളുടെ ഉപഭോഗവും അതിപ്രസരണവും ഇന്ന് അനേക കുടുംബങ്ങളെ ശിഥിലമാക്കുന്നു. ശിഥിലീകരണ ശക്തികൾ വർദ്ധിക്കുമ്പോൾ ജീവിത മൂല്യങ്ങളും വിശ്വാസ മൂല്യങ്ങളും രൂപപ്പെടുത്തുന്ന ശക്തി സ്രോതസായി കുടുംബം നിലകൊള്ളുന്നു. കുടുംബത്തിൽ നിന്ന് ലഭിക്കുന്ന അറിവും അനുഭവവും അനുകരണീയ മാതൃകകളും നവ സമൂഹത്തെ കെട്ടിപ്പടുക്കുന്നതിന് മുഖാന്തരമാകുന്നു.

നന്മനിറഞ്ഞ ഒരു നവ സമൂഹത്തെ രൂപപ്പെടുത്തുന്നതിന് ഇന്ന് നമ്മുടെ കുടുംബങ്ങളിൽ തന്നെ ഒരു നവീകരണം അനിവാര്യമാണ്. അതിന് നമുക്ക് ആവശ്യം:

Our family must be Scripture Centred
(നമ്മുടെ കുടുംബം വചന കേന്ദ്രീകൃതമായിരിക്കണം)

Our family must be service Oriented.
(നമ്മുടെ കുടുംബം ശുശ്രൂഷാധിഷ്ഠിതമായിരിക്കണം)

Our family must be an Altar of Sacrifice
(നമ്മുടെ കുടുംബം ത്യാഗത്തിന്റെ ബലിപീഠമായിരിക്കണം)

Our family must be a Santuary of Sanctity
(നമ്മുടെ കുടുംബം വിശുദ്ധിയുടെ ദേവാലയമാകണം)

അതിനായി സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

*റവ. പി.ജെ. തോമസ്*
*ചീഫ് എഡിറ്റർ*



റവ. സോജു എം. തോമസ്

വീടും ഭവനവും തമ്മിൽ ഏറെ അന്തരമുണ്ട്. കല്ലിന്മേൽ കല്ല് അടുക്കിയ ഒരു കെട്ടിടമാണ് വീട്. എന്നാൽ കുടുംബം എന്ന ആശയത്തിന് ഏറെ ആഴവും പരപ്പുമുണ്ട്. കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബമെന്നും എന്നാൽ ഇന്ന് കൂടുമ്പോൾ കമ്പക്കെട്ടാണെന്നും നാം പൊതുവിൽ പറയാറുണ്ട്. ഒരു മാതൃകാ ക്രിസ്തീയ കുടുംബത്തിനുവേണ്ടിയുള്ള എന്റെ അന്വേഷണം ചെന്നെത്തിനിന്നത് പുതിയനിയമത്തിലെ ഏറ്റവും പ്രാധാന്യമേറിയ ഒരു കുടുംബത്തിലാണ്. അത് മറ്റാരുമല്ല, ജോസഫ് – മറിയ ദമ്പതികൾ പണിതുയർത്തിയ കുടുംബം. അത് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു കുടുംബമായിരുന്നു. പുത്രനാം ക്രിസ്തുവിന് പിറവിയെടുക്കാൻ ഭൂവിൽ ഒരു ഉദരം അന്വേഷിച്ച പിതാവാം ദൈവം അതിന് അനുയോജ്യമായി കണ്ടെത്തിയത് തച്ചനായ ജോസഫിന് വിവാഹം നിശ്ചയിക്കപ്പെട്ട കന്യകയായ മറിയയെ ആയിരുന്നു. അവിടെ ദൂതൻ പരിശുദ്ധാത്മ നിറവിൽ അവരുടെ കുടുംബം പുനർനിർമ്മാണം ചെയ്യപ്പെടുകയായിരുന്നു.

നമ്മുടെ ചിന്തയ്ക്ക് ആധാരമായിരിക്കുന്ന വേദഭാഗത്തിൽ പ്രസ്തുത കുടുംബത്തെ ഒരു മാതൃകാ ക്രിസ്തീയകുടുംബം എന്ന് വിളിക്കപ്പെടുന്നതിന് ഉപോൽബലമായ ചില പ്രത്യേക ഘടകങ്ങൾ നമുക്ക് കാണുവാൻ സാധിക്കും. അവ എന്തൊക്കെയെന്ന് ചുരുക്കമായി ചിന്തിക്കാം.

**1) ഭക്തിയിലും ആത്മീയതയിലും തീക്ഷ്ണതയുള്ള കുടുംബം**

14-ാം വാക്യം വായിക്കുമ്പോൾ ആണ്ടുതോറും പതിവു പോലെ പെസഹാ പെരുന്നാൾ ആഘോഷിക്കുവാൻ യെരുശലേമിലേക്ക് പോകുന്ന ജോസഫിന്റെ കുടുംബത്തെയാണ് നാം കാണുന്നത്. യേശുവിന്റെ അമ്മയപ്പന്മാർ ആയതുകൊണ്ടല്ല അവർ പെരുന്നാ



# ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട കുടുംബം

വി. ലൂക്കോസ് 2:41–52

ളിന് പോകുന്നത്. മറിച്ച് ഇത് അവരുടെ പതിവാണ്. പുറംപൂച്ചുകൾക്കതീതമായ അവരുടെ തീക്ഷ്ണമായ ഭക്തിയുടെയും ആത്മീയതയുടെയും പ്രതിഫലനമാണ് അവരുടെ ഈ യാത്ര. ഒറ്റയ്ക്കല്ല ഈ യാത്ര, മറിച്ച് കുടുംബമായിട്ടാണ് അവർ യാത്ര ചെയ്യുന്നത് എന്നത് ഏറെ ശ്രദ്ധേയമാണ്. കുടുംബമായി ഒരുമിച്ച് 100 ലധികം മൈൽ യാത്ര ചെയ്യുന്ന ഈ കുടുംബത്തിന് സാമ്പത്തികമോ, മറ്റ് ബുദ്ധിമുട്ടുകളോ ഒന്നും ഒരു തടസ്സമാകുന്നില്ല. മക്കളുടെ കരംപിടിച്ച് ഒരുമിച്ച് ദേവാലയത്തിലേക്ക് യാത്ര ചെയ്യുന്ന മാതാപിതാക്കളുടെ നല്ല പതിവ് നമുക്ക് ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഭക്തിയുടെയും ആത്മീയതയുടെയും പുറംമോടികളിൽ നല്ല പതിവുകൾ പലതും നഷ്ടമായിരിക്കുന്നു. നമ്മുടെ പൂർവ്വികർ ആരാധിച്ചതിന്റെ സുന്ദര സ്മരണകൾ അയവിറക്കി ഭൂതകാലത്തിലെ പാരമ്പര്യത്തിൽ ഊറ്റംകൊണ്ട് തൃപ്തിയടയുന്നവരായി നാം പലപ്പോഴും മാറിപ്പോവുകയല്ലേ? ഒറ്റയ്ക്ക് വന്ന്, ഒറ്റയ്ക്ക് മടങ്ങുന്ന അപൂർണ്ണമായ യാത്രകൾ അവസാനിക്കേണ്ടിയിരിക്കുന്നു. തലമുറകളുടെ നല്ല പതിവുകളെ തിരികെപ്പിടിച്ച് ഭക്തിയിലും ആത്മീയതയിലും തീക്ഷ്ണതയുള്ള കുടുംബമായി നാം നിലനിൽക്കേണ്ടിയിരിക്കുന്നു.

**2) സാമൂഹിക ബന്ധങ്ങളെ വിലമതിക്കുന്ന കുടുംബം**

ദൈവഭക്തിയുള്ള കുടുംബം സമൂഹത്തിൽനിന്നും വേറിട്ടുനിൽക്കേണ്ടവരല്ല, മറിച്ച് നല്ല സാമൂഹികബന്ധങ്ങൾ സൂക്ഷിക്കേണ്ടവരാണ്. ഇന്ന് ജാതിമതചിന്തകൾ ഒരുപാട് അതിർവരമ്പുകൾ തീർക്കുമ്പോൾ 'ഞങ്ങൾ', 'നിങ്ങൾ' എന്ന മനോഭാവത്തിൽനിന്നും 'നമ്മൾ' എന്ന മനോഭാവത്തിലേക്ക് ഉയരണമെന്ന് നസ്രേത്തിലെ കുടുംബം നമ്മെ ഓർമ്മിപ്പിക്കുന്നു.


ഇവിടെ ഈ കുടുംബത്തെ നാം കാണുന്നത് ഒരു സമൂഹമായി അവർ യാത്രചെയ്യുന്ന ഒരനുഭവത്തിലാണ്. ഒരുമിച്ചുള്ള കൂട്ടായ്മയിലും സന്തോഷത്തിലും സ്തോത്രഗാനങ്ങളോടും സങ്കീർത്തനങ്ങളോടുമാണ് അവർ സഞ്ചരിക്കുന്നത്. പെരുന്നാൾ ആഘോഷത്തിനുശേഷം മടങ്ങുമ്പോൾ ബാലനായ യേശു അവരോടൊപ്പം ഉണ്ടായിരുന്നില്ല. അവൻ സഹയാത്രികരോടൊപ്പം ഉണ്ടാകുമെന്ന് ഊഹിച്ചിട്ട് അവന്റെ മാതാപിതാക്കൾ ഒരു ദിവസത്തെ വഴി പിന്നിട്ടു. ജോസഫിന്റെയും മറിയയുടെയും ഈ 'ഊഹിക്കൽ' പലപ്പോഴും ചോദ്യം ചെയ്യപ്പെടാറുണ്ടെങ്കിൽ തന്നെയും, അത് ആ കുടുംബത്തിന് സഹയാത്രികരുമായുള്ള, അല്ലെങ്കിൽ ആ സമൂഹവുമായുള്ള ദൃഢമായ ഒരു ബന്ധത്തെയാണ് വെളിവാക്കുന്നത്. കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ, അല്ലെങ്കിൽ കുടുംബങ്ങളുടെ സാമൂഹികബന്ധങ്ങൾ പരിപോഷിക്കുന്നതിൽ നാം പലപ്പോഴും പരാജിതരല്ലേ? കുടുംബങ്ങൾ ഒന്നുചേരുന്ന സമൂഹത്തെയും ഇടവകയെയും ഒക്കെ ഒരു വലിയ കുടുംബമായി കാണുവാനും കൈക്കൊള്ളുവാനും നമുക്ക് സാധിക്കണം.

**3) സ്വാതന്ത്ര്യവും നിയന്ത്രണവും പുലർത്തുന്ന കുടുംബം**

ഈ നസ്രേത്തിലെ കുടുംബത്തെ പ്രത്യേകതയുള്ളതാക്കുന്ന മറ്റൊരു ഘടകം ആ കുടുംബത്തിനുള്ളിൽ അനുവദിക്കപ്പെട്ടിരുന്ന സ്വാതന്ത്ര്യങ്ങളും അതോടൊപ്പം പാലിക്കപ്പെട്ടിരുന്ന നിയന്ത്രണങ്ങളുമാണ്. വഴിയാത്രയിൽ യേശു സഹയാത്രികർക്ക് ഒപ്പമുണ്ടാകുമെന്ന് മാതാപിതാക്കൾ ഊഹിച്ചു എന്ന് 44-ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ആ കുടുംബത്തിൽ അനുവദിക്കപ്പെട്ടിരുന്ന സ്വാതന്ത്ര്യത്തെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ 48, 51 വാക്യങ്ങൾ വായിക്കുമ്പോൾ "പിന്നെ യേശു നസ്രേത്തിൽ വന്ന് മാതാപിതാക്കൾക്ക് കീഴ്പ്പെട്ടിരുന്നു" എന്ന് എഴുതിയിരിക്കുന്നത് ആ കുടുംബത്തിൽ പാലിക്കപ്പെട്ടിരുന്ന നിയന്ത്രണങ്ങളുടെ പ്രതിഫലനമാണ്. "There should be some restriction within the freedom" എല്ലാ സ്വാതന്ത്ര്യങ്ങൾക്കും ഉള്ളിൽ ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. ചില അതിർവരമ്പുകൾ ആവശ്യമാണ്. എന്നാൽ ഇന്നിന്റെ കുടുംബങ്ങളിൽ ഈ അതിർവരമ്പുകളും നിയന്ത്രണങ്ങളും നഷ്ടപ്പെടുന്നു എന്നതാണ് യാഥാർത്ഥ്യം. "ഞങ്ങളോ ഇതൊന്നും അനുഭവിച്ചിട്ടില്ല അവരെങ്കിലും സന്തോഷിക്കട്ടെ" എന്ന മനോഭാവത്തിൽ കുടുംബത്തിനുള്ളിലും പുറത്തും അതിരുകളില്ലാത്ത സ്വാതന്ത്ര്യം അനുഭവിക്കപ്പെടുമ്പോൾ അത് കുടുംബത്തെയും സമൂഹത്തെയും "out of control" ലേക്ക് നയിക്കുകയും ഒരു പരാജയമായി പര്യവസാനിക്കുകയും ചെയ്യും. സ്വാതന്ത്ര്യം എന്നത് എന്തും ചെയ്യുവാനുള്ള അനുവാദമല്ല. സ്വാതന്ത്ര്യവും നിയന്ത്രണങ്ങളും തുലാസിന്റെ രണ്ട് തട്ടുകളിൽ തുലനം ചെയ്യുമ്പോൾ കുടുംബം കൂടുതൽ മനോഹരമാകും.

പ്രിയരെ, നസ്രേത്തിലെ ജോസഫിന്റെയും മറിയയുടെയും കുടുംബത്തിന്റെ ചില പ്രത്യേകതകളാണ് പങ്കുവെയ്ക്കുവാൻ ശ്രമിച്ചത്. ഒരു കുടുംബദിനം ആഘോഷിപ്പാൻ നാം ഒരുങ്ങുമ്പോൾ ആത്മീയതയുടെയും ഭക്തിയുടെയും മുഖംമൂടികൾ നമുക്ക് വലിച്ചുകീറാം. ജീവിതം തന്നെ ആരാധനയും സാക്ഷ്യവുമാകുന്ന, സാമൂഹികബന്ധങ്ങളെ വിലമതിക്കുന്ന, സ്വാതന്ത്ര്യവും നിയന്ത്രണങ്ങളും ഒരുപോലെ ആഘോഷിക്കപ്പെടുന്ന, ഒരു യഥാർത്ഥ ക്രിസ്തീയജീവിതം നയിപ്പാൻ ത്രിയേക ദൈവം നമ്മെ ഏവരെയും സഹായിക്കട്ടെ. ●

# ക്രൈസ്തവ കുടുംബം
# സാദ്ധ്യതകളും സമസ്യകളും



റവ. ഡോ. കെ.എ. ഏബ്രഹാം
തേവലക്കര ഹെബ്രോൻ മാർത്തോമ്മാ ചർച്ച്

**കുടുംബം ഒരു സമൂഹത്തിന്റെ, സഭയുടെ, ദൈവരാജ്യത്തിന്റെ അടിസ്ഥാന ഘടകമാണ്. ആധുനികതയുടെ ആഘാതം മറ്റേതൊരു മേഖലയെക്കാൾ അധികമായി കുടുംബത്തെയാണ് ബാധിച്ചിരിക്കുന്നത്. ഇതിൽ സാമൂഹ്യശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാട്ടുന്ന ചില സമസ്യകൾ താഴെപ്പറയുന്നവയാണ്.

**ഒന്ന്: അനുവദനീയത (Permissiveness)**

അടുത്തകാലം വരെ പാശ്ചാത്യ സമൂഹങ്ങളെയാണ് അനുവദനീയയുള്ളവ എന്ന് വിളിച്ചിരുന്നത്. നിയന്ത്രണങ്ങളില്ലാത്ത സ്വാതന്ത്ര്യമാണിത്. ഇന്ന് പാശ്ചാത്യ സമൂഹങ്ങളെ കടത്തിവെട്ടുംവിധം നമ്മുടെ കുടുംബങ്ങൾക്കുള്ളിൽ വ്യക്തിസ്വാതന്ത്ര്യം, അസ്വാരസ്യങ്ങൾ, വിവാഹമോചനം, ലൈംഗിക അപഥ സഞ്ചാരം ഇവ ഗ്രസിച്ചിരിക്കുന്നു.

**രണ്ട്: വിജയോന്മാദം (Succes Syndrome)**

"ജയിക്കാനായ് ജനിച്ചവൻ ഞാൻ" എന്ന പേരിൽ ഓടിയ ഒരു മലയാള സിനിമ ഓർക്കുന്നു. എവിടെയും എനിക്ക് ജയിക്കണം, എങ്ങനെയും ഒന്നാമനാകണം എന്ന ചിന്തയാണിത്.

**മൂന്ന്: ആസ്വാദനോന്മാദം (Pleasure Syndrome)**

ജീവിതമെന്നാൽ ആസ്വാദനമാണ് എന്ന ചിന്തയാണിത്. ഇവിടെ മനുഷ്യശരീരം കേവലം ഒരു ഉപഭോഗവസ്തുവായി മാറുന്നു. ജീവിതത്തിൽ വികാരത്തിനും, വിവേകത്തിനും, പഠനത്തിനും, ആരാധനയ്ക്കും, ആസ്വാദനത്തിനും നിയതമായ ഇടങ്ങൾ (സ്പേസ്) സൃഷ്ടിച്ചുവേണം വ്യക്തിജീവിതവും, കുടുംബജീവിതവും മുന്നേറാൻ.

കുടുംബജീവിതത്തിന്റെ ചില മുഖ്യമേഖലകൾ താഴെപ്പറയുന്നവയാണ്.

**1) കുടുംബജീവിതത്തിനായുള്ള ഒരുക്കം (Preparation for family life)**

മൂന്ന് വിധത്തിലുള്ള വിവാഹങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്.

**ഒന്ന്: Arranged Marriage.** മാതാപിതാക്കൾ ക്രമീകരിക്കുന്ന വിവാഹം.

> **കുട്ടികളുടെ ശാരീരിക, മാനസിക, വൈകാരിക, ആത്മീയവളർച്ചയ്ക്കുതകുന്ന കുടുംബാന്തരീക്ഷം സൃഷ്ടിക്കാൻ മാതാപിതാക്കൾക്ക് കഴിയണം**



മക്കൾക്ക് മാതാപിതാക്കൾ പങ്കാളിയെ കണ്ടെത്തുന്ന പരമ്പരാഗത പതിവ് ഇന്ന് നമ്മുടെ സമൂഹത്തിൽ നാമമാത്രമായി മാത്രം നിലകൊള്ളുന്നു എന്നു പറയാം.

**രണ്ട്: Love Marriage (പ്രേമ വിവാഹം)**

ടീനേജ് പ്രായത്തിലെ പ്രണയം ചുരുക്കം ചില സന്ദർഭങ്ങളിൽ മാത്രമാണ് നിലനിൽക്കുക. പരസ്പരം അറിഞ്ഞ്, കുറച്ചുനാൾ പ്രണയിച്ച് വേണം വിവാഹബന്ധത്തിലേർപ്പെടാൻ എന്ന ചിന്ത ഇന്ന് യുവജനങ്ങളിൽ പ്രബലമാണ്. ഇതിനെ ഒരു അപകടമായി മുതിർന്ന തലമുറ കരുതേണ്ടതില്ല. എന്നാൽ വിവാഹത്തിനു മുമ്പുള്ള പ്രണയത്തിനും ബന്ധങ്ങൾക്കും പരിധി നിശ്ചയിക്കുന്നതിന് മാതാപിതാക്കൾക്കും കുട്ടികൾക്കും കഴിയണം. ലൈംഗീകത ദാമ്പത്യബന്ധത്തിനുള്ളിൽ മാത്രമാണ് എന്ന മൂല്യം നാം അടിവരയിടണം.

**മൂന്ന്: Arranged Love Marriage**

കുട്ടികൾ തങ്ങളുടെ ജീവിതപങ്കാളിയെ സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുന്നതിനു മുമ്പും, തീരുമാനം എടുത്തശേഷവും മാതാപിതാക്കളെ അറിയിക്കുന്നു. അവരുടെ പങ്കാളിത്തത്തോടും നേതൃത്വത്തിലും വിവാഹം നടത്തുന്നു.

ഇതിൽ ഏത് ശരി, ഏത് തെറ്റ് എന്നതല്ല, നമ്മുടെ തീരുമാനങ്ങളുടെ രീതിയും സ്വഭാവവും അതിന്റെ മാനദണ്ഡങ്ങളും എന്താണ് എന്നതാണ് മുഖ്യം.

**2) വിവാഹം എന്ന കൗദാശിക ബന്ധം**

മനുഷ്യജീവിതം അടിസ്ഥാനപരമായി കൗദാശികമാകയാൽ (Sacramental Life) അതിനുള്ളിൽ കൂദാശകൾക്ക് സ്ഥാനമുണ്ട് എന്ന ചിന്തയാണാവശ്യം. നാം പള്ളിയിൽ ചില കൂദാശകൾ നിർവ്വഹിക്കുന്നതിനാലല്ല ജീവിതം കൗദാശികമാകുന്നത്. കൂദാശ എന്നതിന്റെ Sacramentum എന്ന ലാറ്റിൻ പദം ഒരു റോമൻ പടയാളി തന്റെ മേലുദ്യോഗസ്ഥന്റെ മുമ്പിൽ എടുക്കുന്ന ഒരു പ്രതിജ്ഞയെ സൂചിപ്പിക്കുന്നു. ഗ്രീക്കിൽ Mysterion എന്നത് മർമ്മം, രഹസ്യം എന്നർത്ഥമാക്കുന്നു. അഥവാ, വിവാഹം കേവലം ഒരു സാമൂഹ്യ ആചാരമോ, മര്യാദയോ, അനിവാര്യതയോ എന്നതിനപ്പുറമായി ദൈവം മുൻകൈ എടുക്കുന്ന ഒരു പ്രതിജ്ഞയാണ് എന്ന ദർശനമാണാവശ്യം. അഥവാ, രണ്ട് വ്യക്തികൾ തമ്മിലുള്ള ഒരു Contract എന്നതിലധികമായി പുരുഷനും സ്ത്രീയും ദൈവമുമ്പാകെ ചെയ്യുന്ന ഒരു ഉഭയസമ്മതമാണ് (Covenant) വിവാഹം. ഇതിനുള്ളിൽ മനുഷ്യന്റെ കുടുംബപരമായ, വൈകാരികമായ, ശാരീരികമായ, സാമൂഹ്യമായ ആവശ്യങ്ങൾ ഉൾക്കൊള്ളുന്നു.

**3) ദൈവം പിതാവായുള്ള വലിയ മനുഷ്യകുടുംബം**

യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചത്: "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നാണ്. എഫേ. 3:14ൽ വി. പൗലോസ് "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബങ്ങൾക്കും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ ഞാൻ മുട്ടുകുത്തുന്നു" എന്ന് സൂചിപ്പിക്കുന്നു. ദൈവമാണ് എല്ലാ കുടുംബങ്ങളുടെയും നാഥൻ. നമ്മുടെ ഓരോ കുടുംബങ്ങളും ദൈവത്തിന്റെ വലിയ കുടുംബത്തിനുള്ളിലാണ്.

മനുഷ്യജീവിതം അടിസ്ഥാനപരമായി ബന്ധങ്ങൾക്കുള്ളിൽ വളരേണ്ടതാണ്. കുടുംബത്തിന്റെ ആരോഗ്യം, ബന്ധങ്ങളുടെ കെട്ടുറപ്പും ഊഷ്മളതയും അടിസ്ഥാനപ്പെട്ടിരിക്കുന്നു. അഥവാ, ഒരു പുരുഷനും സ്ത്രീയും മാത്രം ഉൾപ്പെട്ട ഒരു സ്ഥാപനമല്ല കുടുംബം.

**4) കുടുംബമൂല്യങ്ങൾ (Family Values)**

മൂല്യങ്ങൾ രണ്ട് വിധമുണ്ട്. ഉപകരണമൂല്യം (Instrumental Value), ആന്തരിക മൂല്യം (Intrinsic Value). ഒരു വ്യക്തിയുടെ കുടുംബപശ്ചാത്തലം, സ്ഥാപനപ്പേരുകൾ, വിദ്യാഭ്യാസം, ഉദ്യോഗം, വഹിക്കുന്ന പദവികൾ എല്ലാം "ഉപകരണ മൂല്യത്തിൽ" ഉൾപ്പെടുന്നു. എന്നാൽ ഒരു വ്യക്തിയുടെ സ്വഭാവം, ജീവിതദർശനം, കാഴ്ചപ്പാടുകൾ, വിശ്വാസം, ജീവിതശൈലി, സേവനതല്പരത എല്ലാം "ആന്തരികമൂല്യത്തിൽ" ഉൾപ്പെടുന്നു. ഇതിൽ ഉപകരണമൂല്യത്തിന് അമിതശക്തീകരണവും, ആന്തരികമൂല്യത്തിന് അവഗണനയും ആരോഗ്യപരമല്ല.

കുടുംബങ്ങളിൽ കുട്ടികൾ മൂല്യങ്ങൾ സ്വാംശീകരിക്കയാണ്; നാം പഠിപ്പിക്കയല്ല. (Values are always caught; they are never taught)

**5) കുട്ടികളുടെ സമഗ്രമായ പരിപോഷണം (Effective and holistic parenting)**

കുട്ടികളുടെ ജനനം ഒരു ശാരീരിക പ്രക്രിയയുടെ ഫലമാണ് എന്ന ചിന്ത ശരിയല്ല. ദമ്പതികൾ അതിനായി, ശാരീരികമായും, മാനസികമായും ഒരുക്കപ്പെടണം. ഒരു കുഞ്ഞിനെ പ്രതീക്ഷിക്കുന്നിടത്ത് കുഞ്ഞ് ജനിക്കുന്നതുതന്നെ അതിന്റെ നല്ല പരിപോഷണത്തിനത്യന്താപേക്ഷിതമാണ്. "എന്റെ ഭാര്യ ഗർഭിണിയാണ് എന്നല്ല; ഞങ്ങൾ ഗർഭാവസ്ഥയിലാണ്" (We are pregnant) എന്ന ചിന്തയാണ് മനഃശാസ്ത്രജ്ഞർ പ്രോത്സാഹിപ്പിക്കുന്നത്. അപ്പോൾ ശിശുപരിപാലനം ആരംഭിക്കുന്നത് പ്രസവാനന്തരമല്ല. ഗർഭസ്ഥ ശിശു മാതാവിന്റെ വൈകാരിക ഭാവങ്ങളെ ഉൾക്കൊള്ളുന്നു എന്ന് മനഃശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു. ചുരുക്കത്തിൽ, കുട്ടികളുടെ ശാരീരിക, മാനസിക, വൈകാരിക, ആത്മീയ വളർച്ചയ്ക്കുതകുന്ന കുടുംബാന്തരീക്ഷം സൃഷ്ടിക്കാൻ മാതാപിതാക്കൾക്ക് കഴിയണം. ഫാമിലി കൗൺസിലറായ ഫാ.ഡോ. കലാമിന്റെ വാക്കുകൾ ഇപ്രകാരമാണ്: "If parents can accompany their children on to their destiny without

intruding into their personality, they will develop.”

കുട്ടികളുടെ പ്രഥമ പാഠശാല കുടുംബമാണ്. അവിടെ ശരിയായ വിദ്യാഭ്യാസ, വിശ്വാസ അടിത്തറ ഇടുന്നതിനു മാതാപിതാക്കൾക്ക് കഴിയണം. Christian Nurture എന്നതിന് പാലനം, പോഷണം, പരിശീലനം, ശിക്ഷണം, അഭ്യസനം എന്നീ അർത്ഥങ്ങളുണ്ട്.

ഒരിക്കലും മാതാപിതാക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന, പൂർത്തീകരിക്കപ്പെടാത്ത സ്വപ്നങ്ങൾ നിറവേറ്റുന്നതിനുള്ള ഉപകരണങ്ങളാക്കി കുട്ടികളെ കണ്ടുകൂടാ. ഇതിന് Conditioning (പരുവപ്പെടുത്തൽ) എന്നാണ് മനഃശാസ്ത്രജ്ഞർ വിളിക്കുക. കുട്ടികൾക്ക് കൗമാരത്തിൽ തങ്ങളുടെ ഏത് പ്രശ്നങ്ങളും (ലൈഗീകത ഉൾപ്പെടെ) മാതാപിതാക്കളോട് തുറന്ന് സംസാരിക്കത്തക്കവണ്ണം കുട്ടികളുടെ നല്ല സുഹൃത്തുക്കളാകാൻ കഴിയണം.

**6) കുടുംബങ്ങൾക്കുള്ളിലെ സംവേദനം (Communication with in the family)**

The whole body communicates. സംവോദനം Verbal ഉം non verbal ഉം ഉണ്ട്. കുടുംബത്തിനുള്ളിലെ സംവേദനം എപ്പോഴും verbal ആകണമെന്നില്ല. കുടുംബത്തിനുള്ളിലെ ഓരോരുത്തരുടെയും വൈകാരിക ആവശ്യങ്ങളും വ്യത്യസ്തങ്ങളാണ്. അഥവാ, വൈവിധ്യം ഇവിടെ പ്രാധാന്യമർഹിക്കുന്നു. ഓരോ ദിവസവും നാം ബോധപൂർവ്വം കുറച്ച് ക്വാളിറ്റി ടൈം കണ്ടെത്തണം. വൈകുന്നേരം പ്രാർത്ഥനാ സമയത്തിനു മുമ്പോ, അതിനുശേഷമോ, കുടുംബത്തെ സംബന്ധിച്ച പൊതുകാര്യങ്ങളുടെ തുറന്ന ചർച്ച ആകാവുന്നതാണ്. പ്രാർത്ഥനാജീവിതവും, കുടുംബമായി ആരാധനയിലുള്ള പങ്കാളിത്തവും നമ്മുടെ മുൻഗണനാക്രമങ്ങളിൽ നിശ്ചയമായും ഉണ്ടാവണം.

**7. കുടുംബഭരണം (Family Administration)**

എല്ലാ കുടുംബങ്ങളിലും അലിഖിതമായ ചില നിയമങ്ങൾ ആവശ്യമാണ്. അപ്പനും, അമ്മയും, മക്കളും പുറത്തുപോകുന്നതും, വരുന്നതും പരസ്പരം ആവോളം അറിഞ്ഞാവണം. കുടുംബത്തിനുള്ളിൽ ഉപയോഗിക്കാവുന്ന ഭാഷ ശ്രദ്ധിക്കാവുന്നതാണ്. പഠിക്കുന്ന കുട്ടികളുള്ള ഭവനങ്ങളിൽ കുട്ടികൾക്ക് ഒരു ടൈംടേബിൾ നന്നാണ്. അതിനുള്ളിൽ അവർക്ക് വിനോദത്തിനും, ടിവിയ്ക്കും, മറ്റും അവസരമുണ്ടാവണം. ഭവനങ്ങളിലെ ജോലികൾ (അടുക്കള ഉൾപ്പെടെ) കുട്ടികളും കൂടെ ചെയ്തുപഠിക്കണം. കിടക്ക വിരിക്കുന്നതും, ടോയ്ലെറ്റ് വൃത്തിയാക്കുന്നതും, വീട് തൂത്തുവാരുന്നതും, അത്യാവശ്യം അടുക്കളജോലികൾ പഠിക്കുന്നതിനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. വേലക്കാരെ കിട്ടാത്തപ്പോൾ നിവൃത്തിയില്ലായ്ക കൊണ്ടല്ല, സന്തോഷത്തോടെ ഏവരും ഈ പരിശീലനം നേടുന്നത് അവരുടെ കുടുംബരൂപീകരണ സമയത്ത് പ്രയോജനപ്പെടും. അമിതമായ അടിച്ചമർത്തലുള്ള ഭവനങ്ങളിലെ കുട്ടികൾ മാനസികആരോഗ്യം കുറഞ്ഞവരായിരിക്കും. സ്വയ തീരുമാനശേഷിയും, സ്വാഭിമാനവും അവർക്ക് പരിമിതമായിരിക്കും. പലപ്പോഴും ഇങ്ങനെയുള്ള കുടുംബങ്ങളിലെ കുട്ടികൾ തനിയെയാകുമ്പോൾ അമിതസ്വാതന്ത്യം എടുക്കുന്നതായി കാണാം.

> **കുടുംബത്തിലെ സുവിശേഷ ദർശനം, ബന്ധങ്ങളുടെ പരിപോഷണം, വൃദ്ധജനങ്ങളുടെ സംരക്ഷണം, സാധുക്കളോടുള്ള കരുതൽ എന്നീ മൂല്യങ്ങൾക്ക് സ്ഥാനമുണ്ടാകണം**

നമ്മുടെ പരമ്പരാഗത കുടുംബസങ്കല്പങ്ങളിൽ അപ്പന്റേതാണ് എല്ലാറ്റിനും അവസാന വാക്ക്. എന്നാൽ കുടുംബഭരണത്തിൽ പുരുഷാധിപത്യവും സ്ത്രീയാധിപത്യവും ഗുണപരമല്ല. പാരസ്പര്യമാണ് സൃഷ്ടിയിലെ വ്യവസ്ഥിതി. കുടുംബത്തെ സംബന്ധിച്ച പ്രധാന തീരുമാനങ്ങൾ, ഉദാ: കുട്ടികളുടെ ഉപരിപഠനം, വിവാഹം, ഭവനനിർമ്മാണം, വസ്തുവില്പന, വാങ്ങൽ ഇവ പൊതുവിൽ ചർച്ച ചെയ്ത് ആവോളം ഏവർക്കും സ്വീകാര്യമായതും, പ്രയോജനപ്രദവുമായ തീരുമാനങ്ങളാവണം. പിതാവിന്റെ ഏകപക്ഷീയ തീരുമാനങ്ങൾ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുന്നതിനിടയാകരുത്.

**ഉപസംഹാരം**

നമ്മുടെ കുടുംബജീവിതങ്ങൾ ആരോഗ്യപരമാക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ അനിവാര്യമാണ്. മുൻപ് സ്വാഭാവികമായി, നൈസർഗ്ഗികമായി നമ്മുടെ സമൂഹത്തിൽ നിലവിലിരുന്ന പല മൂല്യങ്ങളും ഇന്ന് അന്യപ്പെട്ടുപോകുന്നു. ഡോ. സുകുമാർ അഴീക്കോട് ചൂണ്ടിക്കാട്ടിയ പ്രകാരം: “ലോകങ്ങളെ തറവാട്” എന്നതിന് പകരം “തറവാടേ ലോകം” എന്ന ചിന്ത ഇന്ന് പ്രബലപ്പെടുന്നു. ഭർത്താവിന് ഭാര്യയും, ഭാര്യയ്ക്ക് ഭർത്താവും, മക്കളെ വളർത്തുന്നത് മാതാപിതാക്കൾക്കുവേണ്ടിയും എന്ന ചിന്ത സ്വാർത്ഥപ്രേരിതമാണ്. ദൈവത്തിന്റെ ലോക ദൗത്യത്തിൽ, സാമൂഹ്യനിർമ്മിതിയിൽ നമ്മുടെ കുടുംബങ്ങൾക്ക് ഒരു ധർമ്മമുണ്ട് എന്ന തിരിച്ചറിവ് പ്രാധാന്യമർഹിക്കുന്നു. കുടുംബയോഗങ്ങൾ കുടുംബത്തിന്റെ പാരമ്പര്യത്തിൽ ഊറ്റംകൊള്ളുന്ന വേദികളാകാതെ (എന്റെ ഉപ്പാപ്പയ്ക്കൊരാന ഉണ്ടായിരുന്നു എന്ന ചിന്ത) കുടുംബത്തിലെ സുവിശേഷ ദർശനം, ബന്ധങ്ങളുടെ പരിപോഷണം, വൃദ്ധജനങ്ങളുടെ സംരക്ഷണം, സാധുക്കളോടുള്ള കരുതൽ എന്നീ മൂല്യങ്ങൾക്ക് സ്ഥാനമുണ്ടാകണം. നമ്മുടെ എല്ലാ കുടുംബങ്ങളും കൂടുതൽ ക്രിസ്തുകേന്ദ്രീകൃതമാകുന്നതിന് ബോധപൂർവ്വം പ്രയത്നിക്കാം. ■



സൂസമ്മ ജോർജ്ജ് മാത്യു

വിവിധ രീതിയുള്ള വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതാണ് ഇന്നത്തെ കുടുംബങ്ങൾ. ഉദ്യോഗസ്ഥരായ മാതാപിതാക്കൾ, മാതാവോ പിതാവോ ഒരാൾ മാത്രമുള്ള കുടുംബങ്ങൾ അങ്ങനെ പല തരത്തിലുള്ള കുടുംബങ്ങൾ കാണാം. കുടുംബാംഗങ്ങൾ തമ്മിലുള്ള കൂട്ടായ്മ, കുടുംബത്തിലെ ജോലികളുടെ പങ്കുവയ്ക്കൽ ഇവയെല്ലാം ഇന്ന് അന്യംനിന്നിരിക്കുന്നു. എല്ലാവരും അവരവരുടേതായ കാര്യങ്ങളുമായി തിരക്കിലാണ്.

ഒരു സമൂഹത്തിന്റെയും സഭയുടെയും അടിസ്ഥാനഘടകമാണ് കുടുംബം. സ്നേഹത്തിന്റെ കളിത്തൊട്ടിലാണത്. അതുപോലെതന്നെ ഗാർഹിക സഭയാണ് കുടുംബം. വിശ്വാസരൂപീകരണം ആദ്യം നടത്തേണ്ടത് കുടുംബത്തിലാണ്. ഒരു വ്യക്തിയുടെ ആദ്യത്തെ പാഠശാല ഭവനമാണെന്നും ആദ്യത്തെ അദ്ധ്യാപകർ മാതാപിതാക്കൾ ആണെന്നും ജോൺ പോൺ രണ്ടാമൻ മാർപ്പാപ്പ അദ്ദേഹത്തിന്റെ ശ്ലൈഹിക ആഹ്വാനത്തിൽ പറഞ്ഞിട്ടുണ്ട്.

ചില മാതാപിതാക്കളുടെ ചിന്ത കുഞ്ഞുങ്ങളെ മാമോദീസാ നടത്തുന്നതും ആദ്യകുർബ്ബാന സ്വീകരിപ്പിക്കുന്നതും മാത്രമാണ് അവരുടെ ഉത്തരവാദിത്വം എന്നതാണ്. എന്നാൽ അദ്ധ്യാപകർ എന്ന സ്ഥാനവും അവർക്കുണ്ട്. തന്നെയുമല്ല വിശ്വാസരൂപീകരണത്തിലും അവരുടെ മാതൃകകളാണ് കുഞ്ഞുങ്ങൾ പിൻതുടരുവാൻ സാധ്യത. ധാർമ്മികവും ആത്മീയവുമായ രൂപീകരണത്തിലും മാതാപിതാക്കളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. മുൻകാലങ്ങളിൽ ലഭിച്ചിരുന്നതും എന്നാൽ ഇന്നത്തെ കുഞ്ഞുങ്ങൾക്ക് ലഭ്യമല്ലാത്തതുമായ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. മുതിർന്നവരുടെ സ്വാധീനം.

**ആൺ പെൺ വ്യത്യാസമില്ലാതെ എല്ലാ മക്കളെയും ഒരുപോലെ സ്നേഹിക്കാൻ കഴിയുന്ന മാതാപിതാക്കളുടെ മക്കൾക്ക് കൂടുതൽ ആത്മവിശ്വാസവും നേതൃത്വഗുണവും ലഭ്യമാകും**

ഒരു വ്യക്തിയുടെ വിശ്വാസരൂപീകരണത്തിൽ പിതാവിനെക്കാൾ മാതാവിനുള്ള സ്ഥാനം ഏറെ പ്രധാനപ്പെട്ടതാണ്. ഒരു ശിശു ഗർഭാവസ്ഥയിൽ ആയിരിക്കുമ്പോൾ മുതൽ അതിന്റെ സ്വഭാവം രൂപപ്പെടുന്നു എന്നാണ് ആധുനിക പഠനങ്ങൾ തെളിയിക്കുന്നത്. മാതാവിന്റെ ആകുലതകളും ചിന്ത



കളും സന്തോഷവും ഗർഭസ്ഥശിശുവിനെ സ്വാധീനിക്കും. തുടർന്ന് മുലയൂട്ടുമ്പോഴും അമ്മയുടെ ചിന്തകൾ ശിശുവിലേക്കു പകരപ്പെടുന്നതായി പറയപ്പെടുന്നു. അഞ്ച് വയസ്സിനു മുൻപായി ഒരു വ്യക്തിയുടെ സ്വഭാവം ഏകദേശം രൂപപ്പെടുന്നു. ചെറിയ പ്രായം മുതൽ വിശ്വാസവും രൂപപ്പെട്ടുവരുന്നു. 2 തിമൊ. 1:5-ൽ വിശുദ്ധ പൗലോസ് തിമൊഥെയോസിനോട് പറയുന്നു; "ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യൂനിക്കയിലും ഉണ്ടായിരുന്നു. നിന്നിലും ഉണ്ടെന്നു ഞാൻ ഉറച്ചിരിക്കുന്നു." എന്ന്. "ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ." എന്നു പറഞ്ഞു സ്വയം സമർപ്പിച്ച കന്യക മറിയത്തിന്റെ വിശ്വാസം തീർച്ചയായും യേശുക്രിസ്തുവിന്റെ ജീവിതത്തെ സ്വാധീനിച്ചു എന്നതിന് സന്ദേഹമില്ല. ശൈശവപ്രായത്തിൽതന്നെ ദൈവത്തിന്റെ കല്പനകളും ചട്ടങ്ങളും (ന്യായപ്രമാണം) പഠിപ്പിച്ചതുകൊണ്ടാണ് മരുഭൂമിയിൽ വച്ച് പിശാചിന്റെ പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള ഉൾക്കരുത്ത് യേശുവിനുണ്ടായത്.

നമ്മുടെ കുഞ്ഞുങ്ങൾക്ക് ചെറിയ പ്രായം മുതൽ ദൈവവചനം അഭ്യസിപ്പിക്കുവാനും ദൈവം നടത്തിയ വഴികളെക്കുറിച്ച് പറഞ്ഞുകൊടുക്കുവാനും മാതാക്കൾക്ക് സാധിക്കണം. വിശ്വാസത്തിന്റെ വിത്ത് കുഞ്ഞുങ്ങളുടെ ഉള്ളിൽ വിതയ്ക്കുവാൻ സാധിച്ചാൽ അത് വലിയ വിജയമാണ്. തുടർവിദ്യാഭ്യാസത്തിനും ജോലിക്കും മറ്റുമായി ഭവനങ്ങളിൽനിന്നും മാറിത്താമസിക്കുമ്പോൾ വളരെയേറെ പ്രലോഭനങ്ങൾ കുഞ്ഞുങ്ങൾ നേരിടേണ്ടതായി വരും. അവയെ അതിജീവിക്കണമെങ്കിൽ ശക്തമായ വിശ്വാസം ഉള്ളിൽ ഉണ്ടായിരിക്കേണം. അല്ല എങ്കിൽ പല ചതിക്കുഴികളിലും വീണ് തകർന്നുപോകുവാനുള്ള സാധ്യതയുണ്ട്. അതിനാൽ ചെറിയ പ്രായത്തിൽതന്നെ ദൈവവചനം പഠിക്കുവാനുള്ള അവസരങ്ങൾ നഷ്ടമാക്കരുത്.

ദൈവവചനം കുഞ്ഞുങ്ങളുടെ ഉള്ളിൽ കൊടുക്കുവാൻ ഏറ്റവും നല്ല മാധ്യമം മാതാക്കളാണ്. ചെറിയ പ്രായത്തിൽതന്നെ വേദപുസ്തകത്തിലെ വാക്യങ്ങളും കഥകളും പറഞ്ഞുകൊടുക്കണം. സൺഡേസ്കൂൾ അഭ്യസനം വളരെ ഗൗരവമായി എടുക്കണം. കുടുംബപ്രാർത്ഥന ഏറ്റവും വിലപ്പെട്ടതാണ്. മുടങ്ങാതെ കുടുംബപ്രാർത്ഥന നടത്തുവാൻ മാതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. കുഞ്ഞുങ്ങൾക്കും അതിൽ പങ്കാളിത്തം നൽകണം. വളരെ ചെറിയ അനുഭവങ്ങൾപോലും കുഞ്ഞങ്ങളുമായി പങ്കുവെയ്ക്കുകയും എല്ലാറ്റിനും യേശുകർത്താവ് മതിയായവനാണ് എന്ന ചിന്ത അതിലൂടെ കുഞ്ഞുങ്ങളെ പഠിപ്പിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചു പറഞ്ഞിരിക്കുന്നു. "ഞാൻ നിന്നോട് കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചുകൊടുക്കയും, നീ വീട്ടിൽ ഇരിക്കുമ്പോഴും, വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കുകയും വേണം." (വാക്യം 4).

പറഞ്ഞു പഠിപ്പിക്കുന്നതിനോടൊപ്പം പ്രാധാന്യമർഹിക്കുന്നതാണ് നമ്മുടെ ജീവിതത്തിൽകൂടെ കുഞ്ഞുങ്ങൾ പഠിക്കുന്ന കാര്യങ്ങൾ. അത് മനസ്സിൽ രൂഢമൂലമായിക്കഴിഞ്ഞാൽ വിശ്വാസജീവിതത്തിന് ആഴമായ അടിത്തറ ലഭിക്കും എന്നതിന് സംശയമില്ല. മാതാക്കളുടെ പ്രാർത്ഥനയും ദൈവത്തിലുള്ള ആഴമായ വിശ്വാസവും കുഞ്ഞുങ്ങളുടെ വിശ്വാസപരിപോഷണത്തിന് പ്രധാനപ്പെട്ടതാണ്. ജീവിതത്തിൽ ആഞ്ഞടിക്കുന്ന പ്രതികൂലങ്ങളെ മാതാപിതാക്കൾ വിശ്വാസസ്ഥിരതയോടെ അഭിമുഖീകരിക്കുന്നത് കുഞ്ഞുങ്ങൾക്ക് ജീവിതത്തിൽ പാഠമാക്കാൻ സാധിക്കും.

ദുർമാർഗ്ഗങ്ങളിൽ സഞ്ചരിച്ച അഗസ്റ്റിനെ വിശുദ്ധ അഗസ്റ്റിനാക്കിത്തീർക്കുവാൻ അമ്മ മോനിക്കയുടെ ദീർഘവർഷങ്ങളിലെ പ്രാർത്ഥന ചാലകശക്തിയായിത്തീർന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ശമുവേൽ പ്രവാചകന്റെ പുസ്തകത്തിൽ ബാലനെ ഒരു പ്രവാചകനും പുരോഹിതനും ആക്കിത്തീർക്കുവാൻ പ്രധാന പങ്കുവഹിച്ചു എന്നതിന് സന്ദേഹമില്ല.

കുടുംബപ്രാർത്ഥനയോടൊപ്പം ദേവാലയത്തിലെ ആരാധനയും സൺഡേസ്കൂൾ അഭ്യസനവും യുവജനസഖ്യപങ്കാളിത്തവും എല്ലാം ഒരു വ്യക്തിയെ രൂപപ്പെടുത്തുന്നതിൽ സാരമായ പങ്കുവഹിക്കുന്നു.

കുടുംബത്തിലെ ഐക്യം നിലനിർത്തുന്നതിൽ മാതാക്കൾക്ക് വലിയ പങ്കുണ്ട്. ആൺ പെൺ വ്യത്യാസമില്ലാതെ എല്ലാ മക്കളെയും ഒരുപോലെ സ്നേഹിക്കാൻ കഴിയുന്ന മാതാപിതാക്കളുടെ മക്കൾക്ക് കൂടുതൽ ആത്മവിശ്വാസവും നേതൃത്വഗുണവും ലഭ്യമാകും. മാതാക്കളുടെ സൺഡേസ്കൂൾ, വി.ബി.എസ്. അദ്ധ്യപനശുശ്രൂഷ, സേവികാസംഘത്തിലും പ്രാർത്ഥനായോഗങ്ങളിലും ഉള്ള പങ്കാളിത്തം, സുവിശേഷവേലയോടും, ആവശ്യത്തിരിക്കുന്നവരോടുമുള്ള കരുതലും പ്രാർത്ഥനയും, ദൈവം തന്നിരിക്കുന്ന സമ്പത്തും അനുഗ്രഹങ്ങളും മറ്റുള്ളവരുമായി പങ്കിടുവാനുള്ള താല്പര്യം ഇവയെല്ലാം തങ്ങളുടെ കുഞ്ഞുങ്ങൾ നിശബ്ദമായും സസൂക്ഷ്മവും നിരീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അത് അവരുടെ ജീവിതത്തിൽ ക്രിയാത്മകമായ വിശ്വാസരൂപീകരണത്തിനും സാക്ഷ്യത്തിനും പ്രേരകശക്തിയായിത്തീരും. നമ്മുടെ എല്ലാ മാതാപിതാക്കളും അത്തരത്തിൽ തലമുറകളിലേക്ക് സുഗന്ധം പരത്തുന്ന ചാലകശക്തികളായിത്തീരുവാൻ രക്ഷകനായ യേശുകർത്താവ് സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ❑

# ആശംസകൾ





2017-20 ഭദ്രാസന സെക്രട്ടറിയായും
ട്രഷറാറായും ചുമതലയേറ്റ
**റവ. വി. കുഞ്ഞുകോശിക്കും**
**ശ്രീ. വർഗ്ഗീസ് തരകനും**

അടൂർ ഭദ്രാസനത്തിൽനിന്നുള്ള 2017-20 ലെ
മാർത്തോമ്മാ സഭാ കൗൺസിൽ അംഗങ്ങൾ

# ആശംസകൾ



റവ. അലക്സാണ്ടർ തരകൻ റ്റി. കെ.



അഡ്വ. ഉമ്മൻ തോമസ്



അഡ്വ. ബിനു പി. രാജൻ



ശ്രീമതി. ജിജി മാത്യു



പറക്കോട് ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയിൽ നടന്ന
ആദ്യകുർബ്ബാനയിൽ സംബന്ധിച്ചവർ




വയലാ ശാലേം മാർത്തോമ്മാ ഇടവക സേവികാസംഘം ശാന്തിഭവൻ സന്ദർശനം




ഇടവക ചുമതലക്കാരുടെ മീറ്റിംഗ്

# എസ്.എസ്.എൽ.സി +2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ ഭദ്രാസനാംഗങ്ങൾക്ക് അഭിനന്ദനങ്ങൾ

## SSLC



ഷോബിൻ ഷിബു മാത്യു
തേവലക്കര ഇമ്മാനുവേൽ



ജോയൽ മാത്യു ജെയിംസ്
കുറത്തികാട് സെന്റ് തോമസ്



ജെസ്‌ലിൻ മെറിൻ ബിനു
കുറത്തികാട് സെന്റ് തോമസ്



നിത മറിയം തോമസ്
തേവലക്കര വലിയപള്ളി



ഹെപ്റ്റ മേരി കുര്യൻ
കൂടൽ ബഥേൽ



ആൻസി മോഹൻ
തേവലക്കര ഇമ്മാനുവേൽ



ആഷിഷ് പി എബി
തേവലക്കര ഇമ്മാനുവേൽ



അലീന കുഞ്ഞുമോൻ
മണ്ണാറോഡ് ബെത്‌ലഹേം



സോന മറിയം മാത്യു
തേവലക്കര വലിയപള്ളി



സൗമ്യ മറിയം ഉമ്മൻ
തേവലക്കര വലിയപള്ളി



ജെസിൻ ജെ. വൈദ്യൻ
തേവലക്കര വലിയപള്ളി



ജ്യുവൽ എം. ജാക്സൻ
പള്ളിക്കൽ സെന്റ് തോമസ്



ജോയൽ എബ്രഹാം ജോൺസൺ
പള്ളിക്കൽ സെന്റ് തോമസ്

## +2



ജീന റീബ ജെയിംസ്
കണ്ണംകോട് എം.റ്റി.സി



ഫേബാ സാബു
തേവലക്കര ഇമ്മാനുവേൽ



അക്ഷയ മാത്യു
കൂടൽ ബഥേൽ



കിൻസി കുഞ്ഞുമോൻ
കുറത്തികാട് സെന്റ് തോമസ്



ജോമോൾ മോനച്ചൻ
തേവലക്കര വലിയപള്ളി



### അനുമോദനങ്ങൾ

കോയമ്പത്തൂർ കാരുണ്യ യൂണിവേഴ്സിറ്റിയിൽ നിന്നും എം.ടെക് – ൽ (Structural Engineering) 2–ാം റാങ്ക് നേടിയ റൊമീനാ തങ്കം ഉമ്മൻ. അടൂർ കണ്ണംകോട് മാർത്തോമ്മാ ഇടവകയിൽ തുണ്ടത്തിൽ റോഡ് ഹൗസിൽ ഉമ്മൻ വർഗ്ഗീസിന്റെയും സൂസി ഉമ്മന്റെയും മകളാണ്. ഇടവക വികാരി റവ. വി. കുഞ്ഞുകോശി



### ഡോക്ടറേറ്റ് നേടി

ഫ്ളോറിയ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്നും മോറൽ അഡ്മിനിസ്ട്രേഷനിൽ ഡോക്ടറേറ്റ് നേടിയ ശ്രീ. ടെന്നി എബ്രഹാം പിടവൂർ ബഥേൽ മാർത്തോമ്മാ ഇടവകാംഗവും കീരിക്കൽ തോട്ടത്തിൽ കുടുംബാംഗവുമാണ്. ഇടവക വികാരി റവ. ജോജി കെ. മാത്യു



### അനുമോദനങ്ങൾ

2017 – ലെ സേവികാസംഘം കേന്ദ്ര മത്സരത്തിൽ ഒന്നാം ഗ്രൂപ്പിൽ ഒന്നാം സമ്മാനം ലഭിച്ച ഡോ. ലയാ സാറാ മാത്യു.

കരുനാഗപ്പള്ളി, കോഴിക്കോട് സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗമാണ്.

ഇടവക വികാരി റവ. റ്റി.പി. മാത്യു



മുട്ടം ശാലേം മാർത്തോമ്മാ ഇടവക 119–ാം ഇടവകദിനം



ഏനാത്ത് സെന്റർ സന്നദ്ധ സുവിശേഷക സംഘം മീറ്റിംഗ്






നൂറനാട് ശാലേം മാർത്തോമ്മാ ഇടവകയുടെ 28–ാമത് ഇടവക ദിനത്തോടനുബന്ധിച്ച് നടന്ന ആദ്യകുർബ്ബാനയിൽ പങ്കെടുത്തവർ



**Congratulations**

**Mr. Ashish James**, member of Thuvayoor St. Andrews Mar Thoma Church has been conferred with Proficiency Medal for the Best Academic Performance in Chemistry in the graduating batch of BS-MS .JPG

**അനുമോദനങ്ങൾ**



ഗുഹാത്തി ഐ.ഐ.റ്റി.യിൽനിന്നും എഞ്ചിനീയറിംഗിൽ ഡോക്ടറേറ്റ് കരസ്ഥമമാക്കിയ കുളക്കട സെന്റ് തോമസ് മാർത്തോമ്മാ ഇടവകയിൽ സോ ഭവനിൽ റ്റി. ജോണിന്റെയും ഉഷാജോണിന്റെയും മകൻ **സോനു ജെ.**




കലയപുരം ശാലേം മാർത്തോ ഇടവകയുടെ ആഭിമുഖ്യത്തിൽ ക്രമീകരിച്ച ലഹരിവിമോചന പദയാത്രയും യംഗ് വിമൺസ് ഫെലോഷിപ്പും



പന്തളം സെന്റർ സേവികാസംഘം പ്രവർത്തനോദ്ഘാടനം




പെയിൻ & പാലിയേറ്റീവ് ലീഡേഴ്സ് സർട്ടിഫിക്കേറ്റ് വിതരണം




അടൂർ ഭദ്രാസന സേവികാസംഘം ബ്ലൂംഫെസ്റ്റ് 2017



അടൂർ ഭദ്രാസന യുവജനസഖ്യം പ്രവർത്തനോദ്ഘാടനം



അടൂർ ഭദ്രാസന യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ക്രമീകരിച്ച ക്ലീനിംഗ് പ്രോഗ്രാം



# വിവാഹപൂർവ്വ മാർഗ്ഗനിർദ്ദേശങ്ങളുടെ ആവശ്യവും അനിവാര്യതയും



റവ. സാം ലൂക്കോസ്

**നാം** ഇന്ന് ജീവിക്കുന്നത് അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിലാണ്. സാങ്കേതികവിദ്യകൾ മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളെയും സ്വാധീനിച്ചുകൊണ്ടിരിക്കുന്ന ഒരു കാലം. അടുത്തയിടെ വിവാഹം കഴിഞ്ഞ യുവമിഥുനങ്ങൾ ഇങ്ങനെ പ്രതിവചിച്ചു. "ഇങ്ങനെയായിരുന്നെങ്കിൽ കല്യാണം തന്നെ വേണ്ടായിരുന്നു". ഇത്തരത്തിൽ പറയാൻ കാരണം ചില അബദ്ധ മുൻധാരണകളുമായി വിവാഹം കഴിച്ചു എന്നതാണ് ഇവർക്ക് പറ്റിയ അപകടം. വിവാഹത്തിനുവേണ്ടിയുള്ള ധൃതിപിടിച്ച ഒരുക്കങ്ങൾക്കു നടുവിൽ ഒരു കൗൺസിലിംഗിനു പോകണമെന്ന് പറയുമ്പോൾ എന്തിന് ഈ തിരക്കിനിടയിൽ സമയം പാഴാക്കുന്നു എന്ന് ചോദിക്കുന്നവരുണ്ട്. എന്നാൽ ഇന്നിന്റെ കുടുംബ സാമൂഹിക യാഥാർത്ഥ്യങ്ങളുടെ പശ്ചാത്തലത്തിൽ വിവാഹപൂർവ്വ മാർഗ്ഗനിർദ്ദേശങ്ങൾ ഒഴിച്ചുകൂടാനാവാത്ത അനിവാര്യതയാണ് എന്നതിന്റെ കാരണം വിലയിരുത്താൻ ശ്രമിക്കുകയാണ് തുടർന്നുള്ള വരികളിലൂടെ.

**1) മൂല്യങ്ങളെക്കാൾ സമ്പത്തിന് പ്രാധാന്യം ഏറുന്നത്.**

ഇന്ന് വിവാഹം ഒരു കമ്പോളമായി തീർന്നിരിക്കുന്നുവോ എന്ന് തോന്നുന്നു. സാമ്പത്തിക നേട്ടത്തിന്റെയും ലാഭനഷ്ടങ്ങളുടെ കണക്കായി തീർന്നുകൊണ്ടിരിക്കുന്നു എന്ന എന്ന യാഥാർത്ഥ്യത്തിൽനിന്ന് നമുക്ക് മുഖം തിരിക്കാനാകില്ല. ഒരു കാലത്ത് മൂല്യബോധമുള്ള സ്വഭാവശ്രേഷ്ഠതയുള്ള ബന്ധങ്ങൾ അന്വേഷിച്ചിരുന്ന കുടുംബങ്ങളിൽനിന്നും ഇന്ന് അല്പം മദ്യപിച്ചാലും സ്വഭാവദൂഷ്യം ഉണ്ടായാലും കുഴപ്പമില്ല. സഞ്ചരിക്കുന്ന വാഹനത്തിന്റെ വലിപ്പവും വസിക്കുന്ന വാസഗ്രഹത്തിന്റെ ആഡംബരപ്രൗഢിയും ദൃഷ്ടിവയ്ക്കുമ്പോൾ ബന്ധങ്ങൾ പിന്നീട് ബന്ധനങ്ങളായി ഭവിക്കുകയാണ്. സ്വഭാവശ്രേഷ്ഠതയും മാന്യതയുമുള്ള ബന്ധങ്ങളാണ് നിലനിൽക്കുന്നത് എന്ന ബോദ്ധ്യത്തിലേക്ക് തിരികെ വരുമ്പോൾ കെട്ടുറപ്പുള്ള കുടുംബങ്ങളും ബന്ധങ്ങളും സൃഷ്ടിക്കപ്പെടും.

> **സ്വഭാവശ്രേഷ്ഠതയും മാന്യതയുമുള്ള ബന്ധങ്ങളാണ് നിലനിൽക്കുന്നത്**

**2) കൂട്ടുകുടുംബത്തിൽനിന്നും അണുകുടുംബത്തിലേക്കുള്ള മാറ്റം**

ഒരുകാലത്ത് പുതുതായി വിവാഹത്തിലേക്ക് വരുന്നവർക്ക് ആവശ്യമായി ഉപദേശങ്ങൾ നൽകാൻ പ്രായമുള്ള മാതാപിതാക്കൾക്കു കഴിഞ്ഞി

രുന്നു. സാധാരണ ഉണ്ടാകുന്ന കൊച്ചുകൊച്ചു കലഹങ്ങൾ പരിഹരിക്കുന്നതിന് അവർ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ ഇന്ന് അണുകുടുംബങ്ങളിൽ ഉണ്ടാകുന്ന കലഹങ്ങൾ അത്തരത്തിൽതന്നെ പരിഹരിക്കാതെ നിലനിൽക്കുകയും കുറെനാൾ കഴിയുമ്പോൾ കൂടുതൽ സങ്കീർണ്ണമാവുകയും ചെയ്യും.

അബിയും ബീനയും ഒരു വർഷത്തിനു മുൻപ് വിവാഹിതരായ ദമ്പതികളാണ്. വിവാഹശേഷം ഇരുവരും ഇന്ത്യയിലെ ഒരു നഗരത്തിലേക്ക് ജോലി സൗകര്യം പ്രമാണിച്ച് താമസമാരംഭിച്ചു. ആദ്യനാളുകളിൽതന്നെ താളപ്പിഴകൾ കണ്ടുതുടങ്ങി. പരസ്പരമുള്ള ചെറിയ പിണക്കങ്ങൾ അന്നന്നു പരിഹരിക്കാൻ കഴിയാതെ പോയതിനാൽ ആ കുടുംബബന്ധം വിവാഹമോചനത്തിനായി കോടതിയിലാണിന്ന്. താളപ്പിഴകൾ കണ്ടുവരുമ്പോൾതന്നെ അത് പരിഹരിക്കാൻ ശ്രമിച്ചിരുന്നെങ്കിൽ ഇത്തരത്തിൽ കൂടുതൽ സങ്കീർണ്ണതയിലേക്ക് എത്തുകയില്ലായിരുന്നു. എന്നാൽ ഒരു കൂട്ടുകുടുംബത്തിലായിരുന്നെങ്കിൽ മുതിർന്നവരുടെ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിച്ച് സങ്കീർണ്ണമാകുന്നതിനുമുൻപെ പരിഹരിക്കപ്പെടാമായിരുന്നു.

**3) മാദ്ധ്യമങ്ങളുടെ സ്വാധീനം**

സമൂഹമാദ്ധ്യമങ്ങൾ (ഫെയ്സ്ബുക്ക്, വാട്ട്സ് ആപ്പ്), മൊബൈൽഫോൺ, ദൃശ്യശ്രവ്യമാദ്ധ്യമങ്ങൾ എന്നിവയുടെ സ്വാധീനം വളരെയധികം മുമ്പെന്നത്തെക്കാളും വർദ്ധിച്ചിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് കുടുംബങ്ങൾ ഇന്ന് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ മാത്രം ഏതാണ്ട് 3500-ലധികം കുടുംബങ്ങൾ കോടതികയറുന്നതിന് പ്രധാന കാരണം സമൂഹമാധ്യമങ്ങളാണ് എന്നതാണ് വാസ്തവം.

ബോബിയും നിതയും വിവാഹിതരായിട്ട് 9 വർഷങ്ങളായി. മൂത്ത കുട്ടി 2-ാം ക്ലാസ്സിൽ പഠിക്കുന്നു. ഇളയത് എൽ.കെ.ജിയിലും. അടുത്ത കാലത്തായി ബോബി ഒറ്റയ്ക്കാണ് ഉറങ്ങാറ്. നിത ശ്രദ്ധിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത് രാത്രികാലങ്ങളിൽ ബോബി തുടർച്ചയായി വാട്ട്സ്ആപ്പിൽ ഏറെനേരം സമയം ചിലവഴിക്കുകയാണ്. പിന്നീട് നീത ചോദിച്ചപ്പോൾ ഒപ്പം സ്കൂളിൽ പഠിച്ച സഹപാഠിയുമായി സൗഹൃദസംഭാഷണത്തിലാണ് എന്ന മറുപടിയാണ് ലഭിച്ചത്. ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ ബോബിയെ വീട്ടിൽനിന്നും കാണാതെയായി. ജോലി സംബന്ധമായ കാര്യങ്ങൾക്കായി ദൂരയാത്ര എന്നു പറഞ്ഞാണ് പോയത്. എന്നാൽ ഓഫീസിൽനിന്നും അവിടെ എത്തിയില്ല എന്ന വിളി വന്നപ്പോൾ നീത വിശദാംശങ്ങൾ അന്വേഷിച്ചു. പണ്ട് സ്കൂളിൽ പഠിച്ച കുടുംബസ്ഥയായ സഹപാഠിയുമൊത്ത് ഉല്ലാസയാത്രയിലാണ് എന്നറിയാൻ കഴിഞ്ഞു. ഇത്തരത്തിലുള്ള ശൈഥില്യങ്ങൾ പ്രധാന പങ്ക് വഹിക്കുന്നതിൽ മാധ്യമങ്ങൾക്കുള്ള പങ്ക് വളരെയാണ്. ഇത് ഈ കാലഘട്ടത്തിന്റെ ദുരന്തങ്ങളിലൊന്നാണ്. വിവാഹപൂർവ്വ കൗൺസിലിംഗിൽ നൽകുന്ന നിർദ്ദേശങ്ങൾ ഇത്തരത്തിലുള്ള ദുരന്തങ്ങളിൽനിന്ന് നമ്മുടെ കുടുംബങ്ങളെ രക്ഷിക്കും.

**4) വർദ്ധിച്ചുവരുന്ന വിവാഹമോചനങ്ങൾ**

നിസാരകാരണങ്ങളാൽ വിവാഹമോചനത്തിലേക്ക് എത്തുന്ന കുടുംബങ്ങളുടെ എണ്ണം ഏറെ വർദ്ധിക്കുന്നു. നമ്മുടെ സഭയുടെ ഭദ്രാസനങ്ങളിൽനിന്നും ലഭിക്കുന്ന കണക്കനുസരിച്ച് ഓരോ വർഷം കഴിയുന്തോറും വിവാഹമോചനത്തിനു ശേഷമുള്ള പുനർവിവാഹത്തിനുള്ള അപേക്ഷകളുടെ എണ്ണം വർദ്ധിക്കുകയാണ്. മുൻവർഷങ്ങളെക്കാൾ കുടുംബകോടതികളിൽ വിവാഹമോചന ക്കേസ്സുകളുടെ എണ്ണം കൂട്ടുകയാണ്. ഇത്തരത്തിൽ കാലഘട്ടത്തിന്റെ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയേണ്ടത് സഭയുടെ ഉത്തരവാദിത്തമമാണ്. ദുഃഖകരമായ ഒരു സാഹചര്യം ഉണ്ടാകാതെ തടയുന്നതിന് വിവാഹപൂർവ്വ കൗൺസിലിംഗിന് ആകും. (To avoid an unpleasant situation)

**5. ആത്മീയത ഉപരിപ്ലവമാകുന്നുവോ?**

നമ്മുടെ കാലഘട്ടത്തിൽ കാമ്പില്ലാത്ത ആത്മീയത വർദ്ധിക്കുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കാരണം ആത്മീയകാര്യങ്ങളിൽ വളരെയധികം ഉത്സുകരായിരിക്കുന്ന കുടുംബങ്ങളിൽപോലും വിവാഹമോചന പ്രശ്നങ്ങൾ കണ്ടുവരുന്നു. കർത്താവ് നൽകിയ തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ എന്ന വചനം അനുസരിപ്പാനാകുന്നില്ല എന്നതാണ് പരമാർത്ഥം. ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന കുടുംബശൈഥില്യങ്ങളെയും ഗുണമേന്മയില്ലാത്ത കുടുംബങ്ങളെയും ഒരു പരിധിവരെയെങ്കിലും ദൈവരാജ്യത്തിന്റെ അനുഭവത്തിലേക്ക് ഉയർത്താൻ വിവാഹപൂർവ്വ കൗൺസിലിംഗിനാവും. ദൈവശാസ്ത്രപരവും മനഃശാസ്ത്രപരവുമായ സമീപനമാണ് വിവാഹപൂർവ്വ കൗൺസിലിംഗിലൂടെ പ്രതിശ്രുതവധൂവരന്മാർക്ക് ലഭിക്കുന്നത്. ഗുണമേന്മയുള്ള കുടുംബവും സമൂഹവും കെട്ടിപ്പടുക്കുന്നതിന് ആയതിനാൽ അവർക്കാകും.

നമ്മുടെ ഭദ്രാസനത്തിൽ റവ.പി.എൻ. അലക്സാണ്ടർ അച്ചന്റെ നേതൃത്വത്തിൽ ഒരുകൂട്ടം പരിശീലനം ലഭിച്ച സംഘത്തിന്റെ ചുമതലയിൽ വിവാഹപൂർവ്വം കൗൺസിലിംഗ് നടത്തപ്പെടുന്നു. പ്രതിശ്രുത വധൂവരന്മാരോടൊപ്പം മാതാപിതാക്കളെ കൂടെ ഉൾപ്പെടുത്തുന്നുണ്ട്. വിവാഹം എന്നത് രണ്ട് കുടുംബങ്ങളുടെ കൂടിച്ചേരലാണ് എന്നതിനാലാണ് ഇത്തരത്തിൽ ചെയ്യുന്നത്.

വിവാഹപൂർവ്വ കൗൺസലിംഗ് ഈ കാലഘട്ടത്തിന്റെ ആവശ്യവും അനിവാര്യതയും ആകയാൽ അത്തരത്തിൽ അതിന് പ്രാധാന്യം നൽകുന്നതിന് നമ്മുടെ കുടുംബങ്ങൾക്ക് ഇടയായാൽ ഗുണമേന്മയുള്ള കുടുംബങ്ങൾ സൃഷ്ടിക്കപ്പെടും എന്നതിൽ രണ്ട് പക്ഷമില്ല.

കവിത



# തിരിച്ചറിവ്

**പ്രസാദ് ലാസർ**
**സെന്റ് ജോൺസ് എം.റ്റി., അന്തിച്ചിറ**

ഇക്കാലമത്രയും ഞാൻ നെഞ്ചിലേറ്റിയ
വിത്ത പ്രതാപം കൊണ്ടെന്തു ഫലം
സ്വസ്തമായൊന്നുറങ്ങാൻ കഴിയാത്ത
ചഞ്ചലചിത്തം കൊണ്ടെന്തു ഫലം
ഒപ്പം നടന്നവരൊക്കെയുപേക്ഷിച്ചൊരു
ഒറ്റയാനായിന്ന് മാറിടുന്നു.
ആരെയും കൂസാത്ത ഭാവമാണെന്നുടെ
ആവനാഴിയിലെ അമ്പൊടുക്കിയത്
നാലാള് കൂടുന്ന വേദിയിലന്നു ഞാൻ
ഞാനെന്ന ഭവം നടിച്ചുനിന്നു.
മത്ത് പിടിച്ചൊരു പ്രതാപകാലത്ത്
പാപങ്ങളോരോന്ന് ചെയ്തുകൂട്ടി.
മുന്തിയ പെർഫ്യൂം വാങ്ങുവാനേറെ നാൾ
മുംബൈയ്ക്ക് പണ്ടു ഞാൻ പോയിരുന്നു.
പള്ളിയിൽ പോയൊരു കാലം മറന്നുപോയ്
മദ്യാസക്തിയിലാണ്ടകാലം
കൂട്ടിനൊരാളെ കൂട്ടുവാനായില്ല
ചുറ്റും സഖിമാരനേകമുള്ളപ്പോൾ
കാലങ്ങളേറെ കഴിഞ്ഞപ്പോൾ ചോട്ടിലെ
മണ്ണൂർന്നുപോയതറിഞ്ഞതില്ല
രോഗം പിടിച്ചു തളർന്നു കിടന്നപ്പോൾ
കുറ്റബോധമെന്നെ കാർന്നു തിന്നു
കൊട്ടാരംപോലുള്ള വീട്ടിൽ കഴിഞ്ഞ ഞാൻ
ഒറ്റമുറിക്കടക്കുള്ളിലൊതുങ്ങി മെല്ലെ
ഒറ്റപ്പെടലിന്റെ കാഠിന്യത്തിലെന്നും ഞാൻ
കർത്തനെയോർത്ത് കരഞ്ഞിടുന്നു.
മരണമല്ലാതിനി വേറെ വഴിയില്ല
ആരുമില്ലാത്തവനാരഭയം
ചിന്തകളങ്ങനെ മാറിമറിഞ്ഞപ്പോൾ
കണ്ണിലെന്തോ വന്ന് പെട്ടപോലെ
ഭിത്തിയിൽ പണ്ടെങ്ങോ തൂക്കിയ ചിത്രത്തിൽ
കർത്തന്റെ പൊൻമുഖം തെളിഞ്ഞുകണ്ടു
അലമാരയിലിരുന്നു പഴകിയ ബൈബിളിൻ
താളുകൾ മെല്ലെ മറിച്ചുനോക്കി.
നെഞ്ചു പിടയും തിരുവചനം കണ്ടു ഞാൻ
അറിയാതെ വാവിട്ടുകരഞ്ഞുപോയി.
അപ്പനുമമ്മയുപേക്ഷിച്ചാലും നിന്നെ ഞാൻ
കൈവിടില്ലെന്നുള്ള തിരുവചനം
ഒറ്റയിരുപ്പിൽ ഞാൻ വായിച്ചു തീർത്തുപോയ്
കണ്ണുനീർവാർത്തുകൊണ്ടാർത്തിയോടെ
മിത്രങ്ങളെന്ന് നടിച്ചവരൊക്കെയും
ശത്രുക്കളായിന്ന് മാറിടുമ്പോൾ
ഉറ്റവനായിരുന്ന് കർത്തനല്ലാതെ
മറ്റാരുമില്ലയീ പാരിലിന്നും

# ഗൗതം ലൂക്കോസ്

**ഷൈനി തോമസ്**
**ഇമ്മാനുവേൽ മാർത്തോമ്മാ ചർച്ച്, തേവലക്കര**

പോളിയോ രോഗം ബാധിച്ച് കാൽ ശോഷിച്ച ഗൗതം ലൂയിസ് എന്ന കുട്ടി. 3-ാം വയസ്സിലാണ് അവൻ മദർ തെരേസ്സയുടെ അടുത്തെത്തുന്നത്. മിഷനറീസ് ഓഫ് ചാരിറ്റിയുടെ ഭവനത്തിൽ അവനെ അവിടെ എത്തിക്കുകയായിരുന്നു.

അവന് സ്നേഹവും സാന്ത്വനവും പകർന്നു നൽകി മദർ തെരേസയും മറ്റ് സിസ്റ്റേഴ്സും അവനെ ശുശ്രൂഷിച്ചു. ദിവസം ഒരു പ്രാവശ്യമെങ്കിലും മദർ ഗൗതമിനെ ചേർത്തുപിടിച്ച് ആശ്വസിപ്പിക്കും. അവന്റെ വിശേഷങ്ങൾ ചോദിക്കും. സ്നേഹമെന്തെന്ന് അറിഞ്ഞിട്ടില്ലാത്ത ആ കുഞ്ഞിന് താങ്ങും, തണലുമായി മദർ തെരേസ.

ഒരിക്കൽ അനാഥാലയത്തിൽ പെട്രീഷ എന്ന യുവതി എത്തി. ഗൗതമിന്റെ വിദ്യാഭ്യാസ ചെലവുകൾക്കുള്ള പണം നൽകാം എന്ന് അവൾ മദറിനെ അറിയിച്ചു. അന്നവന് പ്രായം 7 വയസ്സ്. 'അവന് നല്ല വിദ്യാഭ്യാസം ലഭിക്കുന്നതോടൊപ്പം ഒരമ്മയുടെ സ്നേഹം കൂടി ആവശ്യമുണ്ടായിരുന്നു' എന്നായിരുന്നു മദറിന്റെ മറുപടി. മദറിന്റെ ആ വാക്കുകൾ പെട്രീഷ്യയുടെ മനസ്സിൽ തറച്ചു. അവൾ ഗൗതമിന് അമ്മയായി. അമ്മയുടെ സ്നേഹത്തോടൊപ്പം നല്ല വിദ്യാഭ്യാസവും അവനു ലഭിച്ചു. അങ്ങനെ അവൻ വളർന്ന് പൈലറ്റായി. അവൻ ലോകം അറിയുന്ന "പൈലറ്റ് ഗൗതം".





# പറുദീസ

**ജെസ്സി ജോൺസൺ**
ഇമ്മാനുവേൽ, തേവലക്കര

"പറുദീസാ നഷ്ടം" എന്ന പേരിൽ സുഭാഷ് ചന്ദ്രന്റെ ഒരു മനോഹരമായ കഥയുണ്ട്. അതിപ്രകാരമാണ്, ആശുപത്രിയിൽ നിന്ന് ഓപ്പറേഷനുശേഷം അമ്മുടെ ഗർഭപാത്രം ഒരു പ്ലാസ്റ്റിക് ഭരണിയിലാക്കി മകൻ ബയോപ്സിക്കായി അകലെയുള്ള ഡയഗ്നോസ്റ്റിക് സെന്ററിലേക്ക് കൊണ്ടുപോകുംവഴി ഒരു ഹോട്ടലിൽ ചായ കുടിക്കാൻ കയറി. ഇരിപ്പിടത്തിനരികിലെ മേശയിൽ ഭരണി വെച്ചു. എന്നാൽ ചായ കുടി കഴിഞ്ഞ് മറ്റുചില ചിന്തകളാൽ പുറത്തിറങ്ങി റോഡിലൂടെ മുന്നോട്ട് നടക്കുന്നതിനിടയിൽ ഭരണി എടുക്കാൻ മറന്നുപോയിയെന്ന് ഓർക്കുന്നു. അവൻ വേഗം ഹോട്ടലിൽ തിരിച്ചെത്തി എല്ലായിടത്തും തിരിഞ്ഞിട്ടും നഷ്ടപ്പെട്ട ആ ഭരണി കണ്ടെത്താനായില്ല. നിരാശനായി അവൻ വീണ്ടും റോഡിലേക്കിറങ്ങുമ്പോൾ ഹോട്ടലിലെ ഒരു പയ്യൻ അവനോടു ചോദിച്ചു. സാർ അങ്ങ് എന്താണ് തിരിയുന്നത്? അവൻ അലസമായി അതിനുത്തരം പറഞ്ഞു. "ഒരു പഴയപാത്രം" കഥയാണങ്കിലും ഇതിൽ ഒരുപാട് അർത്ഥതലങ്ങളുണ്ട്.

വെറു ഒരു പഴയപാത്രമല്ല, അമ്മയുടെ ഗർഭപാത്രം. അത് ഒരു കുഞ്ഞിന്റെ പറുദീസയാണ്. ഏറ്റവും സുരക്ഷിതവും, സുഖകരവും, സന്തോഷവും നിറഞ്ഞ ഒരിടം. എന്നാൽ ഇന്ന് ഈ പറുദീസായുടെ ഉറവിടമായ മാതാവ് എവിടെയാണ്? തിരക്കുകളുടെ ഇടയിൽ അമ്മയെ കരുതുവാൻ ആർക്കും സമയമില്ല. ഈ അമ്മ ഇന്ന് പല വൃദ്ധസദനങ്ങളിലും, അനാഥാലയങ്ങളിലുമാണ്. ആ അമ്മയ്ക്ക് അവിടം പറുദീസയാണ് കാരണം അതുപോലെ അനേകം അമ്മമാർ അവിടെയുണ്ട്. നല്ല നിലത്ത് വീണ വിത്ത് നൂറ്മേനി വിളവ് നൽകും. (മത്താ. 13:8). വിത്ത് എത്ര നല്ലതായാലും പാറപ്പുറത്തും, മുൾചെടികൾക്കിടയിലും, വഴിയരികിലും വീഴും. എന്നാൽ ഒരു അമ്മ തന്റെ ഗർഭപാത്രത്തിൽ വീണ ജീവാത്മാവിന്റെ വിത്തിനെ അതിസൂക്ഷ്മമായി സൂക്ഷിക്കുന്നു. ഇതുപോലെയാണ് കാൽവറിയിലെ നാഥൻ നമ്മെ ഓരോരുത്തരേയും സൂക്ഷിക്കുന്നത്. പലപ്പോഴും നാം അത് മറന്നുപോകുന്നു.

അമ്മയുടെ മുലപ്പാലിൽ മാധുര്യം നുണഞ്ഞനിമിഷങ്ങൾ, മാറോടുചേർത്തുവെച്ച് നെറുകയിൽ മുത്തം തന്ന നിമിഷങ്ങൾ. ആദ്യം അമ്മയെന്ന് ഉച്ചരിച്ച നിമിഷങ്ങൾ ഇതാണ് പലപ്പോഴും നാം മറന്നുപോകുന്നത്. സദൃശ്യ. 1:8. ഇപ്രകാരം പറയുന്നു. "അമ്മയുടെ ഉപദേശം ഉപേക്ഷിക്കുകയും അരുത്".

ഏതൊരു മകന്റേയും, മകളുടേയും ഉയർച്ചയ്ക്ക് പിന്നിൽ അമ്മയുടെ കഠിനാധ്വാനവും അതിലുപരി വിലയേറിയ പ്രാർത്ഥനയുമാണ്. അത് ഒരിക്കലും മായാത്ത സത്യമാണ്.

സ്നേഹത്തിന്റെയും, കരുണയുടേയും, സഹനത്തിന്റെയും ഉറവിടമാണ് അമ്മ.

ലോകരക്ഷകനായ യേശുപിറന്നത് സാധാരണക്കാരിൽ സാധാരണയായ മറിയുടെ ഉദരത്തിലാണ്. എന്നാൽ ആ മകൻ കുരിശിൽ കിടന്നു പിടയുമ്പോൾ ആ അമ്മയുടെ ഹൃദയം കീറിമുറിയുകയാണ്. അതാണ് ''മാതൃത്വം'' ശൈശവവും, യൗവ്വനവും, കൗമാരം കഴിഞ്ഞ് കാലത്തിന്റെ തിരിശ്ശീല നീങ്ങിയപ്പോൾ ഈ അമ്മയെ ഓർക്കുവാൻ ആർക്കും സമയമില്ല. പടുകൂറ്റൻ മണിമാളികൾ പടുത്തുയർത്തിയിട്ട് ആരും കാണാതെ ഒരു ഒഴിഞ്ഞ കോണിൽ ആയിരിക്കും ഈ "അമ്മയുടെ" സ്ഥാനം. ഇതല്ല ക്രിസ്തു നമ്മളിൽ നിന്ന് പ്രതീക്ഷക്കുന്നത്. മക്കളുടെ ഒരിറ്റ് സ്നേഹത്തിനായി, സാന്ത്വനത്തിനായി കൊതിക്കുന്ന അനേകം അമ്മമാർ നമുക്ക് ചുറ്റുമുണ്ട്. അതോടൊപ്പം നമ്മുടെയെല്ലാം ആദ്യ ജന്മഗൃഹമായ ഗർഭപാത്രത്തിലെ പറുദീസാ ജീവിതത്തിന്റെ ഓർമ്മയും..

വിശ്വാസം നഷ്ടപ്പെടുകൊണ്ടിരിക്കുന്ന ലോകത്താണ് നാം ഓരോരുത്തരും ജീവിക്കുന്നത്. പ്രശസ്ത ചിത്രകാരനായ ഡാവിഞ്ചി വരച്ച വിശ്വവിഖ്യാതമായ ചിത്രമാണ് "മോണലിസ" ഈ ചിത്രം കേവലം ഒരു സ്ത്രീയുടെതായിരിക്കില്ല. അത് സകല മനുഷ്യരുടേയും മുഖഭാവമാണ്. മനുഷ്യന്റെ ഹൃദയഭാവത്തെ ഡാവിഞ്ചി മോണലിസയുടെ ഭാഗമാക്കി വരച്ചിരിക്കുകയാണ്.

യാഥാർത്ഥ്യങ്ങളെ കാണുവാനുള്ള കാഴ്ച നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. യാഥാർത്ഥ്യങ്ങളെ കാണുവാൻ നാം ശ്രമിക്കണം. നമ്മുടെ അമ്മമാർ യാഥാർത്ഥ്യങ്ങളെ കണ്ടവരാണ്. വി. വേദപുസ്തകം പഠിക്കുമ്പോൾ യാഥാർത്ഥ്യങ്ങളെ കണ്ട് അനുഭവിച്ച അനേക മാതാക്കളുണ്ട്.

ഉദാ: സാറ, ഹന്ന, മറിയ, എലീശബേത്ത്


''ജ്ഞാനപ്പാന'' എന്ന കവിതയിൽ പൂന്താനം ഇപ്രകാരം പറയുന്നു;

"കൂടയല്ലാ പിറക്കുന്നനേരത്തും
കൂടയല്ലാ മരിക്കുന്ന നേരത്തും
മദ്ധ്യേയിങ്ങനെ കാണുന്ന നേരത്തും
മത്സരിക്കുന്നതെന്തിനു നാം വൃഥാ"

നാം ഒന്നിച്ചു ജനിച്ചവരോ ഒന്നിച്ച് മരിക്കുന്നവരേ, അല്ല എന്നാൽ ഒന്നിച്ച് സ്നേഹത്തിൽ ജീവിക്കണം. ഇതായിരിക്കും പറുദീസായുടെ ഉറവിടമായ അമ്മയുടെ ആഗ്രഹം. □

ജോസ് ജി. കക്കാട്, കൂടൽ

# തിരുപ്പിറവി



നിശബ്ദമാം രജനിതൻ യാമത്തിൽ
വിണ്ണിന്റെ നാഥൻ ഉണ്ണി ഈശോ
ലോകരക്ഷകൻ രാജാധിരാജൻ
ഭൂവിൽ രാവിൽ ഭൂജാതനായ്
അത്യുന്നതേ ദൈവമഹത്വം
മന്നിടത്തിൽ ശാന്തി സംപ്രീതി
പാടിടുന്നു മാലാഖവൃന്ദം
കൂടിടുന്നു മാലോകരെല്ലാം
ദൈവത്തിൻ പുത്രൻ ജനിച്ചു
സ്വർല്ലോക താരകം വാനിലുദിച്ചു
ദാവീദിൻ നഗരിയിൽ ബേത്‌ലഹേമിൽ
ശാന്തമാം രാവിൽ മേദിനിയിൽ
പുൽക്കൂടതിൽ പുൽമെത്തയിൽ
ദ്യോവിൻ രാജൻ ഭൂജാതനായ്
വാർത്ത കേട്ടിടയന്മാർ ആഗമിച്ചു
ലോകൈക നാഥനെ കാണുവാനായ്
ആഗതരായി വിദ്വൽജനം
പൊന്നും മീറയും കാഴ്ചവെച്ചു



# വിവാഹം എന്ന കൂദാശയുടെ ആഘോഷം

സഭയുടെ ഏഴു കൂദാശകളിൽ, ജനങ്ങൾ ഏറ്റവും ആഘോഷപൂർവ്വം നടത്തുന്നതാണ് വിവാഹം. എന്നാൽ ആർഭാട പൂർവ്വമായ ചടങ്ങുകൾ നടക്കുന്നുവെങ്കിലും വൈവാഹിക ബന്ധത്തിന്റെ പരിശുദ്ധിയും അർത്ഥവും ഊഷ്മളതയും കൗദാശികതയും ഒക്കെ കാര്യമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാലമാണിത്. ഈ നൂറ്റാണ്ടിന്റെ കല്യാണം എന്ന് ലോക മാധ്യമങ്ങൾ കൊട്ടിഘോഷിച്ച വിവാഹമാണ് ഫുട്ബോൾ താരം മെസ്സിയുടെയും–ആന്റോനെല്ലയുടെയും. വർഷങ്ങൾ ഒരുമിച്ച് ജീവിച്ച് മക്കളൊക്കെയായതിനുശേഷം വിവാഹം ചെയ്തവർ. മാതാപിതാക്കളുടെ വിവാഹത്തിന് മക്കൾ ക്ഷണക്കത്ത് തയ്യാറാക്കുന്ന, വല്ലാത്ത തലതിരിഞ്ഞകാലം. വിവാഹത്തിന്റെ പരമ്പരാഗത സങ്കല്പങ്ങൾക്കും, സഭയുടെ ഉപദേശങ്ങൾക്കും വചനത്തിന്റെ സന്ദേശത്തിനും വിരുദ്ധമായ പ്രവണതകൾ വർദ്ധിക്കുന്നു. 'The Week' എന്ന മാഗസിൻ ബാംഗ്ലൂരിലെ യുവതീയുവാക്കളുടെ ഇടയിൽ വർഷങ്ങൾക്കുമുമ്പ് നടത്തിയ സർവ്വേയിൽ ഭൂരിപക്ഷംപേരും വിവാഹത്തെക്കുറിച്ച് പറയുമ്പോൾ അഭിപ്രായപ്പെട്ടത് ഇപ്രകാരമാണ് " No need of permanent relationship if you want a child, have it and give up". 2005 ലുണ്ടായതിന്റെ 800 ഇരട്ടിയോളം വിവാഹമോചനങ്ങൾ 2016–ൽ സംഭവിച്ചിരിക്കുന്നു. കേരളത്തിന്റെ ബിവറേജസിന്റെ മുമ്പിൽ ക്യൂ നിൽക്കുന്നവരുടെ എണ്ണം വർദ്ധിക്കുമ്പോൾ അതിന്റെ മറുപുറമായി നാം മനസ്സിലാക്കേണ്ട വസ്തുത കുടുംബബന്ധങ്ങളിലെ അസ്വസ്ഥത വർദ്ധിച്ചിരിക്കുന്നു എന്നതാണ്. കുടുംബത്തിൽ സമാധാനവും അനുഭവിക്കുന്നുവെങ്കിൽ, പിന്നെ സ്വസ്ഥതയ്ക്കായി മറ്റ് മാർഗ്ഗങ്ങൾ അന്വേഷിക്കേണ്ട ആവശ്യമില്ലല്ലോ.



റവ. ടി.കെ. അലക്സാണ്ടർ തരകൻ
(തുമ്പമൺ മുട്ടം ശാലേം മാർത്തോമ്മാ ചർച്ച്)

ഈ പശ്ചാത്തലത്തിലാണ് വിവാഹം എന്ന കൂദാശയെ മനസ്സിലാക്കേണ്ടതിന്റെ പ്രസക്തി. വിവാഹം എന്നതിന്റെ അർത്ഥം വിശേഷമായി വഹിക്കേണ്ടത് എന്നത്രേ. യേശു അഭിമുഖീകരി

ക്കേണ്ടിവന്ന ചോദ്യങ്ങൾ പലതും അവനെ പരീക്ഷിക്കുവാനും വാക്കിൽ കുടുക്കുവാനുമൊക്കെ യുള്ളതായിരുന്നു. വിവാഹമോചനവുമായി ബന്ധപ്പെട്ട ചോദ്യം പരീശർ യേശുവിനോട് ചോദിക്കുന്നു. എങ്ങനെയും വിവാദമുണ്ടാക്കി മുതലെടുപ്പ് നടത്താനുള്ള ശ്രമം പരീശ പക്ഷത്തുണ്ട്. വി. മത്തായി 19-ാം അദ്ധ്യായം 3-ാം വാക്യത്തിൽ - ഏത് കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ? (Is it lawful for a man to divorce his wife for any and every reason) എന്നത് പുരുഷന് മാത്രം അവകാശങ്ങൾ നൽകുന്ന പുരുഷ മേധാവത്ത സമൂഹത്തിന്റെ പ്രതിഫലന മാണ്. പരസംഗം നിമിത്തമല്ലാതെ വിവാഹ മോചനം പാടില്ല എന്ന് പഠിപ്പിച്ചിരുന്ന *ഷെമ്മായി* വിഭാഗവും, ഭർത്താവിന് ഇഷ്ടമില്ലാത്ത പ്രവർത്തി ചെയ്താൽ (ഉദാഹരണത്തിന് ഭർത്താവിന് ഇഷ്ടമില്ലാത്ത ഭക്ഷണമുണ്ടാക്കുക, തലമുടി ശരിയായി ചീകിയൊതുക്കാതിരിക്കുക, വഴി യോരത്ത് അന്യപുരുഷനുമായി സംസാരിക്കുക) ഭാര്യയെ ഉപേക്ഷിക്കാം എന്ന് പഠിപ്പിച്ചിരുന്ന *ഹില്ലേൽ* വിഭാഗവും പരീശരുടെ ഇടയിലുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ്, സാധുസ്ത്രീയുടെ സംരക്ഷണത്തിനായി മോശെയിലൂടെ നിയമങ്ങൾ ക്രമീകരിക്കപ്പെട്ടത്. എന്നാൽ യേശു വിവാഹത്തെക്കുറിച്ചുള്ള പിതാവായ ദൈവത്തിന്റെ ഉദ്ദേശവും വിവാഹബന്ധത്തിന്റെ പ്രാധാന്യവും പരിശുദ്ധിയും വ്യക്തമായി പഠിപ്പിക്കുന്നു. ആദിയിൽ സൃഷ്ടിച്ചവൻ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചുവെന്നും, അതുനിമിത്തം പുരുഷൻ അപ്പനെയും അമ്മയേയും വിട്ട് ഭാര്യയോട് പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായിതീരും. ആകയാൽ ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപിരിക്കരുത്.

**വിവാഹം എന്നതിന്റെ അർത്ഥം വിശേഷമായി വഹിക്കേണ്ടത് എന്നത്രേ**

**1. വിവാഹത്തിന്റെ കൗദാശികത**
**(Sacramentality/Sanctity of marriage)**

Marriage is not just an arrangement or agreement between two intivituals but a satrament instituted by God. ദൈവം നടത്തിയ ആദ്യകൂദാശയാണ് (Primordial sacriment) ആദ്യകുടുംബം. അത് ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും പുരുഷനും സ്ത്രീയും ദൈവത്താൽ കൂട്ടിച്ചേർക്കപ്പെട്ടതുമത്രേ. രണ്ട് മനുഷ്യർ ചേർന്നുണ്ടാക്കുന്ന ഉടമ്പടി (Contract) - ൽ നിന്ന് ഒരാൾക്ക് ഏത് കാരണത്താലും എപ്പോൾ വേണമെങ്കിലും പിൻമാറാം. എന്നാൽ ദൈവികസ്ഥാപനയെ മനുഷ്യർ വേർപിരിക്കരുത് എന്ന കല്പനയെ യേശു നൽകുന്നു. മാർത്തോമ്മ സഭയുടെ വിവാഹകൂദാശാ ശുശ്രൂഷക്രമ. A.D. 708-ൽ എഡേസ്സായിലെ യാക്കോബിനാൽ രചിക്ക പ്പെട്ടതാണ് എന്ന് വിശ്വസിക്കപ്പെടുന്നു. പ്രസ്തുത വിവാഹശുശ്രൂഷാക്രമത്തിന് - തക്സോദ് സുവോഗോ എന്നാണ് സുറിയാനിയിൽ ഭാഷ്യം. സൗഗോ= നുകം (Ceremony of Yoking). ഒരു നുകത്തിന് കീഴിൽ പരസ്പരം പൂരകമായിരിപ്പാൻ ഉത്തരവാദിത്വ ബോധത്തോടെയും, പക്വതയോടെയും, വിശുദ്ധിയോടെയും ദൈവത്താൽ കൂട്ടിച്ചേർക്ക പ്പെടുന്ന പ്രക്രീയ. ബന്ധങ്ങൾ ദൈവനിശ്ചയമാണ് (givenness). ആയതിനാൽ ദൈവത്താൽ സ്ഥാപിക്കപ്പെട്ടതിനെയും നൽകപ്പെട്ടതിനേയും ആദരവോടെ സ്വീകരിപ്പാൻ സാധിക്കണം. കുടുംബബന്ധത്തിന്റെ കൗദാശിക അനുഭവത്തെ യേശു തന്റെ വാക്കുകളിലൂടെ വ്യക്തമാക്കുന്നു.

**2. വിവാഹത്തിന്റെ ഐക്യത**
**(Unity or indivisibility of marriage)**

"ആകയാൽ ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യർ വേർപിരിക്കരുത്".

ത്രിത്വത്തിലെ ഐക്യാനുഭവം പ്രകടിപ്പിക്കേണ്ട ബന്ധമാണ് വിവാഹം. ''പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമെ, ഇവർ തങ്ങളുടെ ആയുഷ്ക്കാല മൊക്കെയും അന്യോന്യം സ്നേഹിക്കുകയും സന്തോഷപൂർവ്വം തമ്മിൽതമ്മിൽ കൈകൊള്ളു കയും ചെയ്യേണ്ടതിന് ഇവർക്ക് പൂർണ്ണ ഐക്യം ഉണ്ടായിരിക്കുമാറാകേണമേ".

''സത്യസ്നേഹവും നിരപ്പും സമാധാനവും ഭിന്നിച്ചുപോകാത്ത ഐക്യമത്യവും ഇവർക്ക് തമ്മിൽ ഉണ്ടായിരിക്കേണമേ''. വിവാഹശുശ്രൂഷക്രമത്തിലെ പ്രസ്തുത പ്രാർത്ഥനകൾ കുടുംബജീവിതത്തിൽ പ്രായോഗികമാക്കണമെങ്കിൽ, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ (എഫെസ്യർ 5), ക്രൂശിലെ യാഗത്താൽ സഭയെ വീണ്ടെടുത്തതുപോലെ, സഹനത്തിന്റെയും, ത്യാഗത്തിന്റെയും വഴിയിലൂടെ മാത്രമേ സാധ്യമാകൂ. സ്നേഹവും ത്യാഗവും സമർപ്പണവും പ്രതിഫലിപ്പിക്കുന്ന ഐക്യതയുടെ ഉദാത്തബന്ധങ്ങൾക്ക് മാതൃക നൽകാൻ നമുക്ക് സാധിക്കട്ടെ.

**3. വിവാഹത്തിലെ അച്ചടക്കം (Discipline in marriage)**

പുരുഷനും സ്ത്രീയുമാണ് വിവാഹ ബന്ധത്തിൽ പ്രവേശിക്കേണ്ടത്. ലോകത്തിൽ 20 രാജ്യങ്ങൾ സ്വവർഗ്ഗവിവാഹം നിയമം മൂലം അനുവദിച്ചിരിക്കുന്നു. 2017 അവസാനത്തിൽ ജർമ്മൻ പാർലമെന്റ് ഈ നിയമം പാസാക്കാനായി തയ്യാറെടുക്കുന്നു. ഇത് ദൈവവചനത്തിനും യേശുവിന്റെ ഉപദേശങ്ങൾക്കും വിരുദ്ധമാണ്. Co-habitance, homosexual, same sex marriage - ഒക്കെ പുതുതലമുറ പരീക്ഷിക്കുമ്പോൾ വചനാനുസൃതമായ മാതൃകാ കുടുംബങ്ങളെ സമൂഹത്തിൽ നിലനിർത്തുവാൻ വിശ്വാസികൾക്ക് കടപ്പാടുണ്ട്.

**ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും പുരുഷനും സ്ത്രീയും ദൈവത്താൽ കൂട്ടിച്ചേർക്കപ്പെട്ടതുമത്രേ കുടുംബം**

വിശുദ്ധവിവാഹ ബന്ധത്തിന്റെ കൗദാശികത (Sacramentality), ഐക്യത (Unity), അച്ചടക്കം (Discipline), പങ്കാളിത്തം (Partnership), പാരസ്പരികത (Matuality), ഉത്തരവാദിത്തം (Responsibility) ഈ ഉത്തമ മൂല്യങ്ങളൊക്കെ പകർന്ന് കൊടുക്കുന്ന ഉത്തമകുടുംബങ്ങളായി നിലനിൽപ്പാൻ നമുക്കോരോരുത്തർക്കും ഇടയാകട്ടെ.

അങ്ങനെ സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബം നന്നാകുന്നതിലൂടെ ഭൂമിയിൽ സ്വർഗ്ഗം അനുഭവിപ്പാനും വർഗ്ഗം നിലനിർത്താനും, ദൈവരാജ്യാനുഭവത്തിലേക്ക് ലോകത്തെ നയിപ്പാനും ഗാർഹികസഭയായ കുടുംബത്തിലൂടെ ഇടയാകട്ടെ.

# വാർത്തകൾ – വിശേഷങ്ങൾ

## കരിസ്മാറ്റിക് ധ്യാനം

എല്ലാ 1–ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്

## വിജയവഴി

എല്ലാ 2–ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്

## മണ്ഡലം പഠനവിഷയം – ഭദ്രാസനതല സെമിനാർ

2017 ഒക്ടോബർ 18 ചൊവ്വ, ഉച്ചകഴിഞ്ഞ് 3 – ന്, നേതൃത്വം: റവ. എബി എം. തോമസ് തരകൻ
സ്പിരിച്ച്വാലിറ്റി സെന്റർ, അടൂർ

## ഇടവക ശുശ്രൂഷകരുടെ സംഗമം

2017 നവംബർ 30 വ്യാഴം, ഉച്ചകഴിഞ്ഞ് 3 – ന്, സ്പിരിച്ച്വാലിറ്റി സെന്റർ, അടൂർ

## സൃഷ്ടിക്കൊരു സങ്കീർത്തനം

2017 ഡിസംബർ 10 ഞായർ, വൈകിട്ട് 5 ന്, മാർത്തോമ്മാ യൂത്ത് സെന്റർ, അടൂർ

## ഭദ്രാസന കൺവൻഷൻ

2018 ജനുവരി 3 ബുധൻ മുതൽ 7 ഞായർ വരെ, സ്പിരിച്ച്വാലിറ്റി സെന്റർ, അടൂർ

*Youth Corner*

# കൗമാരവും പ്രേമവും





ശ്രീമതി. അഞ്ജന റെജി
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്
സെന്റ് മാത്യൂസ് മാർത്തോമ്മാ ചർച്ച്, ചൂരക്കോട്

വ്യക്തിവികാസത്തിലെ ഒരു സുപ്രധാന കാലഘട്ടമാണ് കൗമാരം. പ്രശ്നരഹിതമായ കുട്ടിക്കാലം. കുട്ടിക്കാലം കഴിഞ്ഞാൽ പ്രക്ഷുബ്ധമായ കൗമാരം തുടങ്ങുകയായി. കൗൺസിലിംഗ് സഹായം ലഭിക്കാനായി മനഃശാസ്ത്രജ്ഞനെ സമീപിക്കുന്ന ഭൂരിഭാഗം കൗമാരക്കാരുടെയും പ്രശ്നം പ്രേമമാണ്. പ്രേമത്തെയും സ്നേഹത്തെയും പൂർണ്ണമായി വേർതിരിക്കാൻ നമുക്ക് സാധിക്കില്ല. സാധാരണ അർത്ഥത്തിൽ പ്രേമത്തെ അന്ധമായ ഒരു ആവേശമായി കണക്കാക്കാം. ഇണയോടു ചേരുവാനുള്ള ആഗ്രഹത്തിൽനിന്നും ഉരിത്തിരിയുന്ന നിയന്ത്രണാതീതമായ ആകർഷണമാണ് പ്രേമം. 15 മുതൽ 20 വയസ്സുവരെയുള്ള കാലഘട്ടത്തിലാണ് ഇത് സംഭവിക്കുന്നത്.

പ്രേമം സാധാരണയായി ഒരു അടുപ്പമായിട്ടാണ് ആരംഭിക്കുന്നത്. ആര് ആരെയൊക്കെയാണ് പ്രേമിക്കുന്നത് എന്ന് നിരീക്ഷിച്ചാൽ ഒരു കാര്യം നമുക്ക് മനസ്സിലാകും. സഹപാഠികൾ, കൂടെ ജോലിചെയ്യുന്നവർ, ബന്ധുമിത്രാദികൾ ഇവർക്കാണ് മുൻഗണന. കാരണം പരസ്പരം കണ്ടുമുട്ടുന്നതിനുള്ള സാധ്യത ഇവരിൽ കൂടുതലായിരിക്കും.ചിലർക്ക് പ്രേമം എന്നത് ശാരീരികമായ അനുഭൂതിയാണ്. “എന്തൊക്കെ പ്രശ്നങ്ങളുണ്ടായാലും നമുക്കൊരുമിച്ച് ജീവിക്കണം. അല്ലെങ്കിൽ മരിക്കുക.'' പൈങ്കിളിക്കഥകളിലെ നായികാനായകന്മാരെപ്പോലെയാണിവർ. മറ്റു ചിലർക്ക് പ്രേമം ഒരു നേരമ്പോക്കാണ്. കാണാൻ കൊള്ളാവുന്ന പെണ്ണുമായി/ആണുമായി വല്ലപ്പോഴും സിനിമയ്ക്കോ കാപ്പി കുടിക്കാനോ പാർക്കിനോ ഒന്നു പോകണം അത്രമാത്രം.

കുമാരീ-കുമാരന്മാർ എന്തുകൊണ്ട് പ്രേമബദ്ധരാകുന്നു എന്നതിനെക്കുറിച്ച് ആഴത്തിൽ ചിന്തിക്കേണ്ടതായിട്ടുണ്ട്. പെൺകുട്ടിയെ സംബന്ധിച്ച് സൗന്ദര്യം മുഖ്യ ഘടകമാണെങ്കിൽ ആൺകുട്ടിയെ സംബന്ധിച്ച് ബുദ്ധിശക്തി, സാമ്പത്തികവിജയം, സ്റ്റാറ്റസ് എന്നിവയ്ക്കാണ് പ്രാധാന്യം. ചിലർ ഇണകളുടെ കഴിവുകളിൽ ആകൃഷ്ടരാകുന്നു. അവൾ നന്നായി ഡാൻസ് ചെയ്യും/അവൻ നന്നായി പാടും. എന്നാൽ മറ്റു ചിലർ സഹതാപത്തിൽ ഇണയിൽ ആകർഷിതരാകും. വേറൊരു കൂട്ടർ മാതാപിതാക്കളുടെ സ്നേഹമില്ലായ്മയിൽ വിലക്കുകളും പേറിക്കൊണ്ടു നടക്കുമ്പോൾ ആദ്യം പുഞ്ചിരിക്കുന്ന, അല്പം താല്പര്യം കാണിക്കുന്ന വ്യക്തിയെ കേറിയങ്ങു പ്രേമിച്ചുകളയും. ഇത്തരത്തിലുള്ള പ്രേമങ്ങളെല്ലാം തന്നെ യഥാർത്ഥ ജീവിതവുമായി കെട്ടുപിണയുമ്പോൾ വലിയ പ്രശ്നത്തിലെത്താനാണ് സാധ്യത.

പ്രേമവിവാഹങ്ങളെല്ലാം പരാജയമാണെന്നു പറയുവാൻ സാധിക്കില്ല. എന്നാൽ, ഒരു വിഭാഗം പ്രേമവിഭാഗങ്ങൾ പരാജയപ്പെടുന്നുവെന്നതിൽ സംശയമില്ല. പ്രേമിക്കുന്നവരിൽ ഒരു വൈകാരിക വിശപ്പുണ്ട്. വിശക്കുന്നവൻ ആഹാരം ചോദിക്കുമ്പോൾ കിട്ടാൻപോകുന്ന ഭക്ഷണത്തിന്റെ പോഷകമൂല്യത്തെക്കുറിച്ച് ചിന്തിക്കാറില്ല. ഇത്തരം പ്രേമത്തിൽ ഉണ്ടാകുന്ന അനുഭൂതി വെറും നൈമിഷികമാണ്. പരസ്പരം സ്നേഹിക്കുന്നു എന്ന് ഉറപ്പു

വരുത്തുന്നതിനുവേണ്ടി വിവാഹിതരാകാം എന്നൊക്കെ പറയുമെങ്കിലും അതിനെക്കുറിച്ചുള്ള യഥാർത്ഥബോധം ഉണ്ടാകാറില്ല.

പരസ്പരം കാണുമ്പോൾ ഇവരുടെ ശ്രദ്ധ കൂടുതലും മധുരമൂറുന്ന സംസാരത്തിലും, ബാഹ്യപ്രകടനത്തിലുമൊക്കെയായിരിക്കും. ലൈംഗീക പ്രവർത്തനങ്ങൾക്ക് ഇവർ തിടുക്കം കാട്ടുന്നു. വിവാഹത്തിന് മുൻപ് ശാരീരികമായി ബന്ധപ്പെടുന്നതിലൂടെ പ്രേമത്തിന്റെ തീവ്രത വളരെയധികം കുറയുന്നു. ഇവിടെ വഞ്ചിക്കപ്പെടുന്നവരിൽ അധികവും പെൺകുട്ടികളായിരിക്കും. കേരളത്തിലെ ആത്മഹത്യകളിൽ 24 ശതമാനവും പ്രേമനൈരാശ്യത്താലുണ്ടാകുന്നതാണ്.

എങ്ങനെയുള്ള പ്രേമബന്ധമാണ് വിവാഹജീവിതത്തെ എളുപ്പമാക്കിത്തീർക്കുന്നത് എന്നുകൂടി ചിന്തിക്കുന്നത് നന്നായിരിക്കും. വിവാഹജീവിതത്തിന്റെ വിജയത്തിന് പ്രായം, മതം, സാമ്പത്തിക സാമുദായിക സാഹചര്യങ്ങൾ, കുടുംബപാരമ്പര്യം എന്നിവ പരിഗണിക്കേണ്ടതുണ്ട്. യഥാർത്ഥ സ്നേഹത്തിന് ചില ലക്ഷണങ്ങളുണ്ട്. അവ ചുവടെ ചേർക്കുന്നു.

1. യഥാർത്ഥ സ്നേഹത്തിൽ വ്യക്തികളെ വസ്തുക്കളായി കാണുകയില്ല. പൂർണ്ണ സ്വാതന്ത്ര്യമുള്ള വ്യക്തികളായി പരിഗണിക്കും. ഭീഷണിപ്പെടുത്തി പിടിച്ചുവാങ്ങുന്ന സ്നേഹം യഥാർത്ഥ സ്നേഹമായിരിക്കുകയില്ല.
2. യഥാർത്ഥ സ്നേഹം പരസ്പരം വികാരങ്ങളെ മാനിക്കുന്നു. സ്വന്തം വൈകാരിക ആവശ്യത്തിനുവേണ്ടി മാത്രം മറ്റൊരാളെ ഉപയോഗിക്കുന്നവർ പക്വതയുള്ളവരല്ല. വിവാഹത്തിനുമുമ്പ് ശാരീരികബന്ധത്തിന് ഏർപ്പെടുവാൻ നിർബ്ബന്ധിക്കുന്ന യുവാവും യുവതിയും അപക്വമതികളാണ്.
3. സ്നേഹബന്ധം വിലയിരുത്തുവാനുള്ള മറ്റൊരു മാർഗ്ഗം ഈ ബന്ധം ഇരു വ്യക്തികളെയും വളർത്തുവാൻ പര്യാപ്തമാണോ എന്നു പരിശോധിക്കേണ്ടതാണ്.
4. യഥാർത്ഥ സ്നേഹം കാത്തിരിക്കുവാൻ പ്രേരിപ്പിക്കുന്നു. രണ്ട്-മൂന്ന് കൊല്ലം കാത്തിരുന്നതിന്റെ ശേഷവും ഈ ബന്ധം നിലനിൽക്കുന്നു എങ്കിൽ അത് ദിവ്യവും പരിശുദ്ധവുമാണ്.
5. യഥാർത്ഥ സ്നേഹത്തിൽ ഇണക്കം മാത്രമല്ല. ചിലപ്പോൾ പിണക്കവും ഉണ്ടായേക്കാം. എപ്പോഴും ഇഷ്ടം മാത്രം പ്രകടിപ്പിച്ചെന്ന് വരികയില്ല.

പലർക്കും സ്നേഹമെന്നാൽ സ്നേഹിക്കപ്പെടുക എന്നു മാത്രമാണ്.സ്നേഹിക്കപ്പെടുക എന്നതിലും പ്രധാനമാണ് സ്നേഹിക്കുക എന്നത്. ഒരാളെ സ്നേഹിക്കുക എന്നത് ശക്തമായ ഒരു വികാരത്തിന്റെ പ്രശ്നമല്ല. അതൊരു തീരുമാനമാണ്.

യഥാർത്ഥ ബോധത്തോടെ ജീവിതത്തെ നേരിടാൻ കൗമാരക്കാരെ നാം സഹായിക്കണം. വില കുറഞ്ഞ സിനിമകളിലും നോവലുകളിലും കാണുന്ന സ്നേഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ യഥാർത്ഥജീവിതത്തിൽനിന്നും വളരെ അകലെയാണ്. പരസ്പരം മനസ്സിലാക്കുകയും വികാരങ്ങളെ മാനിക്കുകയും ചെയ്യുന്ന വ്യക്തിബന്ധമാണ് മാതാപിതാക്കളുടേതെങ്കിൽ മക്കൾ അപക്വമായ പ്രേമബന്ധത്തിൽ ചെന്ന് ചാടുകയില്ല. ●

***The House is built with hands***
***A home is made with hearts***

**അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ, കവിതകൾ, വിവാഹപരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗത നേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മിറ്റിയുടെ അനുമതിക്കു വിധേയമായി അത് പ്രസിദ്ധീകരിക്കുന്നതായിരിക്കും**

**നവംബർ 20–നുമുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം**



**2018 ജനുവരി–മാർച്ച്**

**വിഷയം : വചനകേൾവി–ജീവിതപുതുക്കത്തിന്**

*കൂടുതൽ വിവരങ്ങൾക്ക്:*

**റവ. പി.ജെ. തോമസ്– 9447804802, എഡിറ്റർ, ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ – 691523**

E-mail: hermondoothan@gmail.com, email:rev.thomastharakan@gmail.com

# പ്രശ്നോത്തരി

**കഴിഞ്ഞ ലക്കത്തിലെ വിജയി**
**ലൗലി വർഗ്ഗീസ്, ഞക്കനാൽ ശാലേം മാർത്തോമ്മാ ചർച്ച്**

1. പ്രിയാ സിബു, കൂടൽ ബഥേൽ
2. ഡോണ മെറിൻ സിബു, കൂടൽ ബഥേൽ
3. ഡെറിൻ തോമസ്, മണ്ണടി എം.റ്റി.സി.
4. ലേയാമ്മ ഡാനിയേൽ, മണ്ണടി എം.റ്റി.സി.
5. ഡാനിയേൽ തോമസ്, മണ്ണടി എം.റ്റി.സി.
6. ഡോ. റിജോ സൈമൺ തോമസ്, കോഴിക്കോട് സെന്റ് തോമസ് എം.റ്റി.സി.
7. ഡോ. ലേയാ സാറാ മാത്യു, കോഴിക്കോട് സെന്റ് തോമസ് എം.റ്റി.സി.
8. അന്നമ്മ മാത്യു, സെന്റ് പോൾസ് എം.റ്റി.സി. പൂങ്കുളഞ്ഞി
9. ജസ്റ്റീനാ ജോൺ, സെന്റ് പോൾസ് എം.റ്റി.സി. പൂങ്കുളഞ്ഞി
10. മോളി ജേക്കബ്, സെന്റ് തോമസ് എം.റ്റി.സി, കറ്റാനം
11. റ്റി.എൻ. വർഗ്ഗീസ്, കൊടുമൺ സെഹിയോൻ
12. മേരിക്കുട്ടി ഏബ്രഹാം, വാത്തികുളം ബെഥേൽ
13. സോഫി ജോൺ, കുളക്കട സെന്റ് തോമസ് എം.റ്റി.സി.
14. ഓമന ബി., ശാലേം എം.റ്റി.സി. കലയപുരം
15. ലില്ലി തോമസ്, ശാലേം എം.റ്റി.സി, ചാച്ചിപ്പുന്ന
16. ഷീജ സജി, തമരക്കുളം ബഥേൽ എം.റ്റി.സി.
17. അച്ചാമ്മ ജോൺ, പണിയിൽ പീടികയിൽ, വെട്ടിയാർ
18. ജിൻസി ജോയി, കുളക്കട സെന്റ് തോമസ്
19. ജെസ്സി ജോൺസൺ, തേവലക്കര ഇമ്മാനുവേൽ
20. മേരി മാത്യു, മാത്യൂസ് ഭവൻ, മണ്ണടി
21. ശോഭ റെജി, കൊറ്റനല്ലൂർ ശാലേം എം.റ്റി.സി.
22. റോസമ്മ ബേബി, ഏനാത്ത് എം.റ്റി.സി.
23. പി.റ്റി. തോമസ്, പത്തനാപുരം ഇമ്മാനുവേൽ
24. ലാലി ജെയിംസ്, ഇമ്മാനുവേൽ എം.റ്റി.സി.
25. അഷിൻ ജോൺ അനിയൻകുഞ്ഞ്, വെസ്റ്റ് കല്ലട എം.റ്റി.സി.
26. ജിജി ബാബു, സെന്റ് തോമസ് എം.റ്റി.സി., ചുനക്കര

**കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ**

1. Cancelled
2. പരസ്പര അടുപ്പം
3. സ്വഭാവരൂപീകരണം
4. ആത്യന്തികമായി ജീവിതവിജയം കൈരിക്കുന്ന വിശ്വസ്ത വിജയികളെ
5. ത്യാഗം
6. അസൂയ
7. അലസതയുടെ പുതപ്പുകൊണ്ട് പുതച്ചുമൂടി കിടക്കുന്നവർക്ക്

**ഈ ലക്കത്തിലെ ചോദ്യങ്ങൾ**

1. ദൈവത്തന്റെ സ്വപ്നവും മനുഷ്യന്റെ സ്വപ്നവും ചേർന്നപ്പോൾ എന്ത് യാഥാർത്ഥ്യമായി?
2. ഒരു ശിശു ഗർഭാവസ്ഥയിലായിരിക്കുമ്പോൾ എന്ത് രൂപപ്പെടുന്നു?
3. മൂല്യങ്ങളെക്കാൾ എന്തിനാണ് ഇന്ന് പ്രാധാന്യമേറുന്നത്?
4. അമ്മയുടെ ഗർഭപാത്രം കുഞ്ഞിന്റെ എന്താണ്?
5. ദൈവവചനം കുഞ്ഞുങ്ങളുടെ ഉള്ളിൽ കൊടുക്കുവാൻ ഏറ്റവും നല്ല മാധ്യമം എന്താണ്?
6. കുടുംബത്തിൽ എന്തിലുള്ള പങ്കാളിത്തമാണ് നമ്മുടെ മുൻഗണനാക്രമത്തിൽ ഉണ്ടാകേണ്ടത്?
7. പ്രേമിക്കുന്നവരിൽ എന്തിന്റെ വിശപ്പുണ്ട്?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2017 നവംബർ 30**

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അഭൂതപൂർവ്വമായ പ്രതികരണത്തിന് നന്ദി...
ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക.

**എഡിറ്റർ**

**അടൂർ ഭദ്രാസന കൗൺസിൽ അംഗങ്ങളായ ഏവർക്കും പ്രാർത്ഥനാപൂർവ്വമായ ആശംസകൾ നേരുന്നു**

Rt. Rev. Dr. Abraham Mar Paulos Episcopa
Hermon Aramana, Adoor P.O,691523
Rev. V. Kunjukoshy, Diocesan Secretary
Mr. Varghese Tharakan, Diocesan Treasurer
Rev. Reji Yohannan
Rev. Roji Mathews Abraham
Rev. Sabu Thomas
Rev. Johnson C. Jacob
Mrs. Suja Roy
Mr. John Zachariah
Mr. Biju Mammen
Mr. Saji K. Oommen
Mr. Johnkutty B
Adv. P.K. Zachariah
Mr.Varghese Thomas
Mrs. Siby Thomas
Mrs. Rajani Ponnachen
Mr. John Philip
Mrs. Ammini Yohannan
Mr. Joseph Varghese
Mr. Joby G. Thomas
Mr. V.C. Samkutty
Mrs. Santhi Tom
Mr. K. Johnson Vaidyan
Mr. K. N. Thomas
Mr. O. Kunjukunjukutty
Mrs. Suma George
Mr. Chacko Thomas

**Sermon outline**

# JOSEPH: A HUMBLE MAN FOR A HEAVENLY MISSION

**(Matthew 1:18-25)**

I. **THE TRAGEDY THAT MARRED HIS LIFE** v. 18-19

- The Tragedy Of Shocking Discoveries v. 18
- The Tragedy Of Shattered Dreams v.18-19
- The Tragedy Of Sorrowful Decisions v. 19

**II THE TASK THAT MARKED HIS LIFE v. 20-23**

- The Task Involved Divine Revelations. . v. 20
- The Task Involved Definite Requirements v. 20-21
- The Task Involved Delightful Realizations v. 21-23

**III. THE TESTIMONY THAT MEASURED HIS LIFE v. 24-25**

- A Testimony Of Unconditional Compliance v. 24
- A Testimony Of Unwavering Commitment v. 25
- A Testimony Of Unfailing Completion v. 25

Prepared by Rev,.P.J.Thomas



# മാർ ക്രിസോസ്റ്റം ജന്മശതാബ്ദി ബ്ലോക്ക്

**A centre for Excellence, Experiencec & Ecumenism**

**പ്രവർത്തനങ്ങൾ**

- അനുഗ്രഹ ഡി-അഡിക്ഷൻ ക്യാമ്പുകൾ
- ആർദ്രത പെയിൻ & പാലിയേറ്റീവ് പ്രോഗ്രാം
- വിജയവഴി പ്രോഗ്രാം

മാർ ക്രിസോസ്റ്റം ജന്മശതാബ്ദി ബ്ലോക്ക് യാഥാർത്ഥ്യമാക്കിത്തീർക്കുന്നതിൽ സഹായിച്ച കുവൈറ്റ് അഹമ്മദി ഇടവകയോടുള്ള അടൂർ ഭദ്രാസനത്തിന്റെ നന്ദി അറിയിക്കുന്നു

**സൗകര്യങ്ങൾ**

- ഇടവക, സെന്റർ, ഭദ്രാസനതല ക്യാമ്പുകൾ നടത്തുന്നതിനുള്ള സൗകര്യം
- 70 പേർക്ക് താമസിക്കാവുന്ന 2 ഡോർമെറ്ററികൾ
- അനുബന്ധിതമായ മറ്റ് സൗകര്യങ്ങൾ



**കൂടുതൽ വിവരങ്ങൾക്ക്**

ഹെർമോൻ അരമന
ഫോൺ: 04734 228240



# HOLY TRINITY
## Anglo-Indian International School

Affiliated to ICSE/ISC Council New Delhi.

Thevalakkara. P.O., Kollam . Ph : 0476-2087222, 2087610

Helpline : 9495055867, 9287906765, 9995886100



**GOLDEN ACHIEVEMENTS**

| | |
|---|---|
| International School Award-2016-19 British Council, under Govt. of UK | Associate Member of International Schools in India |
| Cambridge University, English Examination Preparation Centre | ISO 9001 : 2015 A+ Grade |

# Online Registration for LKG-2018
# Starts on 4th October 2017
# www.htaiis.com

**Mitera - A unique Holy Trinitian System of Education**

**Ensuring Guarantee Education & Guarantee Generation**

**Students Friendly, Teachers Friendly & Parents Friendly**

*Mitera a Greek Word means Mother



Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P.O.
Printed at Mar Thoma Press, Thiruvalla. Chief Editor: Rev. P.J. Thomas